# പതിനാലാം കേരള നിയമസഭ

## പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

## അറുപത്തിയേഴാമത് റിപ്പോർട്ട്

**(2020 ഫെബ്രുവരി മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

## അറുപത്തിയേഴാമത് റിപ്പോർട്ട്

**കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ കൃഷിവകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**

203/2020.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | : | v |
| മുഖവുര | | : | vii |
| റിപ്പോർട്ട് | | : | 1 |
| അനുബന്ധം 1 | : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 36 |
| അനുബന്ധം 2 | : ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 41 |
| അനുബന്ധം 3 | : എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നുള്ള അനുബന്ധം | : | 66 |

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. വി. ഡി. സതീശൻ.

<u>അംഗങ്ങൾ:</u>

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., അണ്ടർ സെക്രട്ടറി.

# മുഖവുര

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2015 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേൽ തയ്യാറാക്കിയ സമിതി (2019-2021) യുടെ അറുപത്തിയേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ഇക്കണോമിക് സെക്ടർ) 2015 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 28-6-2016-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

2020 ഫെബ്രുവരി മാസം മൂന്നാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 3.

## റിപ്പോർട്ട്

## കൃഷി വകുപ്പ്

## കൃഷി വകുപ്പിലെ മണ്ണ് പര്യവേഷണവും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതാ ഓഡിറ്റ്

*കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) 4.1 മുതൽ 4.5.1 വരെയുള്ള ഓഡിറ്റ് ഖണ്ഡികകൾ*

**ആമുഖം (ഖണ്ഡിക നമ്പർ: 4.1)**

കേരളത്തിലെ വിവിധ മണ്ണ് ജല സംരക്ഷണത്തിന്റെയും മണ്ണ് പര്യവേഷണ പ്രവർത്തനങ്ങളുടെയും ആസൂത്രണവും നിർവ്വഹണവും കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ കാര്യാലയത്തിനെ (ഡി.എസ്.എസ്.എസ്.സി.) ചുമതലപ്പെടുത്തിയിരിക്കുന്നു. സംരക്ഷണ നടപടിക്കാവശ്യമായ നീർമറികളുടെ കണ്ടെത്തലുകളും, അവയുടെ മുൻഗണന നിശ്ചയിക്കലും, വിശദമായ മണ്ണ് പര്യവേഷണം, ബാഹ്യ ഏജൻസികളുടെയും കൃഷിക്കാരുടെയും പക്കൽ നിന്നും ലഭിച്ച മണ്ണിന്റെ സാംപിളിന്റെ പഠനം, ഭൂവിഭവങ്ങളുടെ റിപ്പോർട്ടുകളും മാപ്പുകളും പ്രസിദ്ധീകരിക്കൽ, കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകുക മുതലായവ പര്യവേഷണ പ്രവർത്തനങ്ങളിൽ അടങ്ങിയിരിക്കുന്നു. സർക്കാർ അനുമതി നൽകുന്ന വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ നിർവ്വഹണം ആണ് സംരക്ഷണ വിഭാഗം നടത്തിവരുന്നത്. 2010-2015 കാലയളവിൽ വിവിധ മണ്ണ് പര്യവേഷണവും സംരക്ഷണ പദ്ധതികളും നടപ്പിലാക്കുന്നതിന് ഡി.എസ്.എസ്.എസ്.സി.-ക്ക് ₹ 194.65 കോടി ലഭിച്ചു.

നീർത്തടാധിഷ്ഠിതമായിട്ടാണ് മണ്ണ് ജല സംരക്ഷണ പരിപാടികൾ ഏറ്റെടുക്കുന്നത്. ഒരു കേന്ദ്രസ്ഥലത്തേയ്ക്ക് ജലം ഒഴുകിയെത്തുന്ന ഭൂജലഘടകമാണ് നീർമറി. കയ്യാല നിർമ്മാണം, ചെക്ക് ഡാം, പുല്ലുവളർത്തൽ, അഗ്രോ ഫോറസ്ട്രി മുതലായ പ്രവർത്തനങ്ങളാണ് നീർത്തടാധിഷ്ഠിതമായി നടപ്പിലാക്കുന്നത്. സൗകര്യാർത്ഥം, ഓരോ നീർമറിയുടെയും ശരാശരി വിസ്തീർണ്ണം 500-1000 ഹെക്ടർ വരെയാണ് നിശ്ചയിച്ചിരിക്കുന്നത്.

**ഓഡിറ്റിന്റെ ഉദ്ദേശ്യം (ഖണ്ഡിക നമ്പർ: 4.2)**

കാര്യക്ഷമതാ ഓഡിറ്റിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്ന കാര്യങ്ങളുടെ വാസ്തവികത അറിയുന്നതിനാണ്:

- മണ്ണ് പര്യവേഷണ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ആസൂത്രണം പര്യാപ്തവും ഫലപ്രദവുമായിരുന്നുവോ;

- പര്യവേഷണ സംരക്ഷണ പ്രവർത്തനങ്ങളുടെ നിർവ്വഹണം ചെലവ് കുറഞ്ഞതും ഫലപ്രദവും ആണോയെന്നും ആയതിന്റെ മേൽനോട്ടം കാര്യക്ഷമമായിരുന്നോ എന്നും അറിയുന്നതിനാണ്.

## ഓഡിറ്റിന്റെ മാനദണ്ഡം (ഖണ്ഡിക നമ്പർ: 4.3)

### ഓഡിറ്റിന്റെ മാനദണ്ഡം അവലംബിച്ചത്

- ഭാരത സർക്കാരിന്റെ (ജി.ഒ.ഐ.) നീർമറി വികസന പദ്ധതികൾക്കായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ;
- മണ്ണ് പര്യവേഷണ സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേരള സർക്കാർ (ജിഒകെ) പുറപ്പെടുവിച്ച ഉത്തരവുകൾ;
- ജി.ഒ.കെ. പുറപ്പെടുവിച്ച സോയിൽ കൺസർവേഷൻ കോഡ്;
- 2010, 2011, 2012-ലെ പിഡബ്ല്യുഡി ഷെഡ്യൂൾ ഓഫ് റേറ്റ്സും 2013-ലെയും 2014-ലെയും ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സും;
- കേരള ഫിനാൻഷ്യൽ കോഡ് വാല്യം I.

## ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും (ഖണ്ഡിക നമ്പർ: 4.4)

2010-2015 കാലയളവിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റും അതിന്റെ ഉപഓഫീസുകളും നടത്തിയ സർവ്വേയും സംരക്ഷണ പ്രവർത്തനങ്ങളുടെയും ആസൂത്രണം, നടത്തിപ്പ്, മേൽനോട്ടം ഇവ ഓഡിറ്റ് പരിശോധിച്ചു. 14 ജില്ലാ ഓഫീസുകളിൽ അഞ്ച് [1] ജില്ലാ ഓഫീസുകളെ പ്രോബബിലിറ്റി പ്രൊപ്പോഷണൽ ടു സൈസ് വിത്തൗട്ട് റീപ്ലേസ്മെന്റ് (പി.പി.എസ്.ഡബ്ല്യു.ഒ.ആർ.) രീതി ഉപയോഗിച്ച് തെരഞ്ഞെടുത്തു. ഒരു അന്തർ സംസ്ഥാന പദ്ധതിയായ കബനിയും[2] (വയനാട്) റിവർ കാച്ച്മെന്റ് സംരക്ഷിക്കുന്നതിനുള്ള പദ്ധതിയും[3] തെരഞ്ഞെടുത്തു.

## ഓഡിറ്റ് കണ്ടെത്തലുകൾ (ഖണ്ഡിക നമ്പർ: 4.5)

മണ്ണ് പര്യവേഷണ സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, മേൽനോട്ടം എന്നിവയിലെ വീഴ്ചകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിക്കുന്നു.

---

1 ആലപ്പുഴ, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂരും വയനാടും

2 റിവർ വാലി പ്രോജക്റ്റ്, കബനി.

3 ജല വിതരണ പദ്ധതിയുടെ സംഭരണ പ്രദേശത്തിന്റെ സംരക്ഷണം

**നീർമറി പ്രദേശ ഭൂപടത്തിലെ ആന്തരിക വൈരുദ്ധ്യങ്ങൾ (ഖണ്ഡിക നമ്പർ: 4.5.1)**

എല്ലാ ജില്ലകളുടെയും വാട്ടർഷെഡ് അറ്റ്ലസ് 2005-2011 കാലഘട്ടത്തിൽ പൂർത്തിയാക്കി പ്രസിദ്ധീകരിച്ചു. എന്നിരുന്നാലും, സംസ്ഥാനത്തെ വനം വനേതര പ്രദേശങ്ങൾ വാട്ടർ ഷെഡ് അറ്റ്ലസിൽ ഉൾപ്പെടുന്നുണ്ടെങ്കിലും, മുഴുവൻ വനപ്രദേശങ്ങളും വാട്ടർഷെഡ് അറ്റ്ലസിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ: കോഴിക്കോട് ജില്ലയിലെ മൊത്തം വനപ്രദേശത്തിന്റെ വിസ്തൃതി 29,045 ഹെക്ടർ ആണെങ്കിലും, 1,069 ഹെക്ടർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

വയനാട് ജില്ലയുടെ മൊത്തം ഭൂപ്രദേശത്തിന്റെ വിസ്തൃതി 2.13 ലക്ഷം ഹെക്ടർ ആണ്. എന്നാൽ വയനാട് ജില്ലയുടെ വാട്ടർഷെഡ് അറ്റ്ലസിൽ, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി മുൻഗണന നിശ്ചയിച്ച മൊത്തം വിസ്തൃതി 2.37 ലക്ഷം ഹെ. (അതായത് യഥാർത്ഥ ഭൂപ്രദേശത്തെക്കാൾ 0.24 ലക്ഷം ഹെ. കൂടുതൽ) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു എന്നത്, ഡയറക്ടറേറ്റ് തെറ്റായ വിവരങ്ങളെ ആധാരമാക്കിയെന്ന് സൂചിപ്പിക്കുന്നു.

സംസ്ഥാനത്ത് മണ്ണ് പര്യവേഷണ പ്രവർത്തനങ്ങൾ മുൻഗണന പ്രദേശങ്ങളായി നടത്തുന്നതിനു വേണ്ടി വാട്ടർഷെഡിനെ ഉയർന്നത്, ഇടത്തരം, കുറഞ്ഞത് എന്നിങ്ങനെ ഡയറക്ടറേറ്റിലെ സർവ്വേ വിഭാഗം തരംതിരിച്ചിട്ടുണ്ട്. വാട്ടർഷെഡുകളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള തരംതിരിവ്, ഓരോ വാട്ടർഷെഡിന്റെയും അതിർത്തി നിർണ്ണയിച്ച വിസ്തൃതി, വാട്ടർഷെഡ് അറ്റ്ലസ് പ്രസിദ്ധീകരിച്ച തീയതി വരെ സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ഏറ്റെടുത്ത വാട്ടർഷെഡുകളുടെ വിവരങ്ങൾ വാട്ടർഷെഡ് അറ്റ്ലസിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

മണ്ണുസംരക്ഷണ പ്രവർത്തനങ്ങളുടെ അടിസ്ഥാനമായ വാട്ടർഷെഡ് അറ്റ്ലസിലെ വിവരങ്ങളിൽ, ഏതൊക്കെ പ്രദേശങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം എന്നത് കാലാകാലങ്ങളിൽ ആനുകാലികമാക്കുന്നില്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾ ഡി.എസ്.എസ്.എസ്.സി. സമ്മതിക്കുകയും, സംസ്ഥാനത്ത് മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച വിവരങ്ങൾ വാട്ടർഷെഡ് അറ്റ്ലസിൽ കഴിയുന്നതും വേഗം ഉൾപ്പെടുത്തുന്നതാണെന്നും പ്രസ്താവിച്ചു.

*ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

1. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ അടിസ്ഥാനമായ വാട്ടർഷെഡ് അറ്റ്ലസിലെ വിവരങ്ങളിൽ ഏതൊക്കെ പ്രദേശങ്ങളിൽ വിവിധ പദ്ധതികൾപ്രകാരം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം എന്നത് കാലാകാലങ്ങളിൽ ആനുകാലികമാക്കുന്നില്ല എന്ന ഖണ്ഡിക 4.5.1.-ലെ ആഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന്,

വാട്ടർഷെഡ് അറ്റ്ലസുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയായിട്ടുണ്ടെന്നും അത് പ്രസിദ്ധീകരിച്ചതിനുശേഷം തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് തീരുമാനിച്ചതായും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

2. വനഭൂമി പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലായെന്ന എ.ജി.യുടെ പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സാധാരണഗതിയിൽ ഒരു വാട്ടർഷെഡ് അറ്റ്ലസ് തയ്യാറാക്കുമ്പോൾ നീരുറവയുടെ പേരാണ് വാട്ടർഷെഡിന് നൽകിവരുന്നതെന്നും അങ്ങനെയല്ലാത്ത സന്ദർഭങ്ങളിൽ അവിടെയുള്ള വനത്തിന്റെ പേരാണ് നൽകുന്നതെന്നും വയനാട്ടിൽ വാട്ടർഷെഡ് അറ്റ്ലസ് തയ്യാറാക്കുന്ന സമയത്ത് അവിടെയുള്ള വനഭൂമിയുടെ പേര് വാട്ടർഷെഡിന് നൽകിയതുകൊണ്ടാണ് ആഡിറ്റ് പരാമർശം വന്നതെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി പറഞ്ഞു.

3. വാട്ടർഷെഡ് അറ്റ്ലസിൽ വനഭൂമിയും, വനേതര പ്രദേശങ്ങളും പ്രത്യേകം രേഖപ്പെടുത്താറുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വനപ്രദേശത്ത് സർവ്വേ നടത്താറില്ലെന്നും സർവ്വേ ഓഫ് ഇന്ത്യയുടെ ടോപ്പോഷീറ്റിൽ നിന്നാണ് വാട്ടർഷെഡ് അറ്റ്ലസ് തയ്യാറാക്കുന്നതെന്നും നിലവിൽ വനഭൂമിയും, വനേതര പ്രദേശങ്ങളും പ്രത്യേകം അതിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതനുസരിച്ചാണ് അറ്റ്ലസ് തയ്യാറാക്കുന്നതെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയിൽ വിശദമാക്കി.

4. വയനാട് ജില്ലയുടെ വാട്ടർഷെഡ് അറ്റ്ലസ് തയ്യാറാക്കിയപ്പോൾ മൊത്തം ഭൂപ്രദേശത്തിന്റെ വിസ്തൃതിയേക്കാൾ കൂടുതൽ ഏരിയ വാട്ടർഷെഡ് അറ്റ്ലസിലുൾപ്പെട്ടത് സംബന്ധിച്ച് സമിതി വകുപ്പിനോട് വിശദീകരണമാരാഞ്ഞു. പ്രസ്തുത വാട്ടർഷെഡ് അറ്റ്ലസ് തയ്യാറാക്കിയത് ജി.ഐ.എസ്സ്. മാപ്പിംഗ് മാത്രം ഉപയോഗിച്ചായിരുന്നുവെന്നും അതിൽ ഏരിയായിൽ വ്യതിയാനം വരുമെന്നും ഫീൽഡിൽ നേരിട്ട് പോയി എടുക്കുമ്പോൾ കൃത്യമായ അളവുകൾ ലഭിക്കുമെന്നും ഇപ്പോൾ ടി പ്രദേശം സന്ദർശിച്ച് ഏരിയ രേഖപ്പെടുത്തുകയുംകൂടി ചെയ്തതിനാൽ കൃത്യതയുണ്ടെന്നും ജി.ഐ.എസ്. മാപ്പിംഗ് ചെയ്യുമ്പോഴുണ്ടാകുന്ന ചെറിയ വ്യത്യാസങ്ങൾ ഫീൽഡിൽപോയതിനുശേഷം കൃത്യത വരുത്താറുണ്ടെന്നും എല്ലാ ജില്ലകളിലും വാട്ടർഷെഡ് അറ്റ്ലസ് പ്രസിദ്ധീകരിച്ച് കഴിഞ്ഞെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ -ചാർജ്ജ്) സമിതിയിൽ വിശദമാക്കി.

5. വകുപ്പ് തയ്യാറാക്കിയ അറ്റ്ലസ് പ്രകാരമാണോ ഗ്രാമവികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, നബാർഡ് മുതലായവ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതെന്ന സമിതിയുടെ ചോദ്യത്തിന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണവകുപ്പ് തയ്യാറാക്കുന്ന അറ്റ്ലസ് പ്രകാരം തന്നെയാണ് എല്ലാ ഏജൻസികളും മണ്ണ് സംരക്ഷണ

പ്രവൃത്തികൾ ചെയ്യുന്നതെന്നും എന്നാൽ ഓരോ വർഷവും എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയായെന്നും, ബാക്കി ഏരിയ എത്രയുണ്ടെന്നും അറിയണമെങ്കിൽ പ്രവൃത്തിയേറ്റെടുത്ത എല്ലാ ഏജൻസികളേയും സമീപിക്കേണ്ടിവരുമെന്നും അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) അറിയിച്ചു.

6. വകുപ്പ് രേഖപ്പെടുത്തിയിട്ടുള്ള ആകെ ഭൂവിസ്തൃതി, ഓരോ വർഷവും എത്ര ശതമാനം പ്രവൃത്തികൾ നടപ്പാക്കുന്നു എന്നിങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിന് വാട്ടർഷെഡ് അറ്റ്ലസ് കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടി. കൂടാതെ പ്രവൃത്തി ചെയ്തിട്ടുള്ള പുറമെയുള്ള ഏജൻസികൾ ഏതൊക്കെയാണെന്ന് കൃഷിവകുപ്പ് കൃത്യമായി അറിയേണ്ടതുണ്ടെന്നും ഇത്തരം പ്രവർത്തനങ്ങളിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും ഒരു ഏകോപനമുണ്ടായിരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഓരോ കൃഷിഭവന്റെയും പരിധിയിലുള്ള വാട്ടർഷെഡുകളുടെ അറ്റ്ലസ് അവരുടെ കൈവശം ഉണ്ടായിരിക്കണമെന്നും മറ്റുള്ള ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും അതുവഴി പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഒരു സംവിധാനം ഉണ്ടാക്കുന്നതിന് കൃഷിവകുപ്പ് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

7. ഓരോ പ്രദേശത്തും മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന ഏജൻസികൾ, അവർ ഓരോവർഷവും പൂർത്തിയാക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ, ബാക്കി ഏരിയ എന്നിവയുൾപ്പെടുത്തിയ ഒരു റിപ്പോർട്ട് കാലാകാലങ്ങളിൽ കൃഷിവകുപ്പ് തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

8. വാട്ടർഷെഡ് പദ്ധതി നടപ്പാക്കുന്നതുമൂലം കർഷകർക്ക് പ്രയോജനം ലഭിക്കുന്നുണ്ടോയെന്ന് കൃഷിവകുപ്പ് നിരീക്ഷിക്കണമെന്നും ഇതു സംബന്ധിച്ച ഒരു സ്റ്റാറ്റസ് റിപ്പോർട്ട് എല്ലാ വർഷവും തയ്യാറാക്കണമെന്നും കേന്ദ്രസർക്കാരിൽ നിന്നും മണ്ണ് സംരക്ഷണ അനുബന്ധ പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കാൻ പ്രസ്തുത ഡേറ്റ സഹായകരമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

9. വകുപ്പ് രേഖപ്പെടുത്തിയിട്ടുള്ള ആകെയുള്ള ഭൂവിസ്തൃതി, ഓരോ വർഷവും നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ എന്നിങ്ങനെയുള്ള വസ്തുതകൾ വ്യക്തമായി മനസ്സിലാക്കുന്നതിന് വാട്ടർഷെഡ് അറ്റ്ലസ് കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വാട്ടർഷെഡ് അറ്റ്ലസ് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മണ്ണ് സംരക്ഷണ പ്രവൃത്തികളിൽ ഏർപ്പെടുന്ന പുറമെയുള്ള ഏജൻസികളെ കൃത്യമായി അറിയേണ്ടതുണ്ടെന്നും അവയുടെ പ്രവർത്തനം ഏകോപിക്കുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ഓരോ കൃഷിഭവന്റെയും പരിധിയിലുള്ള വാട്ടർഷെഡുകളുടെ അറ്റ്ലസ് അവരുടെ കൈവശം ഉണ്ടായിരിക്കണമെന്നും, മറ്റുള്ള ഏജൻസികൾ ചെയ്യുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും, അതുവഴി പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഒരു സംവിധാനം ഉണ്ടാക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

11. ഓരോ പ്രദേശത്തും മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന ഏജൻസികൾ, അവർ ഓരോ വർഷവും പൂർത്തിയാക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ, അവശേഷിക്കുന്ന ഏരിയ എന്നിവയുൾപ്പെടുത്തിയ ഒരു റിപ്പോർട്ട് എല്ലാ വർഷവും തയ്യാറാക്കണമെന്ന് കൃഷി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

12. വാട്ടർഷെഡ് പദ്ധതി നടപ്പാക്കുന്നത് മുഖേന കർഷകർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ സംബന്ധിച്ച ഒരു സ്റ്റാറ്റസ് റിപ്പോർട്ട് കൃഷി വകുപ്പ് എല്ലാവർഷവും തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഖണ്ഡിക 4.5.2*

**വാട്ടർഷെഡുകളിലെ മുൻഗണനാക്രമം അവഗണിച്ചുകൊണ്ടുള്ള സംരക്ഷണ പ്രവർത്തനങ്ങളുടെ ക്രമീകരണം.(ഖണ്ഡിക നമ്പർ: 4.5.2)**

ഉയർന്ന മുൻഗണനയിലുള്ള വാട്ടർഷെഡുകൾ നശിച്ചുപോകുന്നതിന് സാധ്യതയുള്ളവ ആയതിനാൽ, മുൻഗണനയിൽ ഇടത്തരവും കുറഞ്ഞതുമായ വാട്ടർഷെഡുകളെക്കാൾ പെട്ടെന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമുള്ളവയാണ്. കോഴിക്കോട്ടും, തൃശ്ശൂരും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസുകളിൽ (ഡി.എസ്.സി.ഒ.) മണ്ണുസംരക്ഷണ പ്രവൃത്തികൾ ഏർപ്പാടാക്കിയപ്പോൾ ഉയർന്ന മുൻഗണനയിലുള്ള (ഏഴിൽ നാല്) പ്രദേശങ്ങൾ അവഗണിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. അതിനുപകരം, ₹ 2.39 കോടി പദ്ധതി മൂല്യമുള്ള ഇടത്തരം മുൻഗണനയിലുള്ള നാല് പ്രദേശങ്ങളിൽ ആർ.ഐ.ഡി.എഫ്. XVII-ഉം XIX-ഉം സ്കീമുകളിൽ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

മുകളിൽ സൂചിപ്പിച്ചവയിൽ, സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളുടെ മുൻഗണന നിർണ്ണയിക്കാതെയാണ് ഡി.എസ്.സി.ഒ.-കൾ നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ചത്. കൂടാതെ, നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിൽ ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം പരാജയപ്പെട്ടത്, ഉയർന്ന മുൻഗണനയിലുള്ള പ്രദേശങ്ങളെ അവഗണിച്ചുകൊണ്ട് മറ്റ് പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാനിടയായി. ഉയർന്ന മുൻഗണനയിലുള്ള പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിലൂടെ നശീകരണ സാധ്യത ലഘൂകരിക്കുന്നുമില്ല.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. വാട്ടർഷെഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം അവഗണിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതിയുടെ ചോദ്യങ്ങൾക്ക്, ഓഡിറ്റ് കാലയളവിൽ പ്രകൃതിദുരന്തങ്ങൾ ഉണ്ടായതിനാലാണ് ചില ജില്ലകളിലെ ഇടത്തരം മുൻഗണനാ ഏരിയാകളിലെ വാട്ടർ ഷെഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ടിവന്നതെന്നും ഓഡിറ്റ് പരാമർശം വന്നതിനുശേഷം ഉയർന്ന മുൻഗണനാ പ്രദേശത്തുള്ള വാട്ടർഷെഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന കർശന നിർദ്ദേശം വകുപ്പ് നൽകിയിട്ടുണ്ടെന്ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയിൽ വിശദമാക്കി.

14. കേരളത്തിലെ മഴക്കുറവുള്ള പ്രദേശങ്ങൾക്ക് മുൻഗണന കൊടുത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മാപ്പിൽ മുൻഗണന നൽകിയിരിക്കുന്നത് ഓരോ ജില്ലയ്ക്കും ഓരോ രീതിയിലാണെന്ന് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) മറുപടി നൽകി. കേരളത്തിലെ മഴനിഴൽ പ്രദേശങ്ങൾ 'ജല ക്രാന്തി' എന്ന കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും, അതിലുൾപ്പെട്ട പഞ്ചായത്തുകൾക്കെല്ലാം ഉയർന്ന മുൻഗണന നൽകാത്തതെന്താണെന്നും, വാട്ടർഷെഡുകളെ മുൻഗണനാക്രമത്തിൽ തരംതിരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും സമിതിയാരാഞ്ഞു. ജലക്രാന്തി പദ്ധതിയിലുൾപ്പെട്ട പഞ്ചായത്തുകളിലെ വാട്ടർഷെഡുകൾ ഉയർന്ന മുൻഗണനാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മണ്ണിന്റെ ഘടന, ചരിവ്, മണ്ണൊലിപ്പ് തുടങ്ങി 20 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് വാട്ടർഷെഡുകളുടെ മുൻഗണന നിശ്ചയിക്കുന്നതെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയെ അറിയിച്ചു. എന്നാൽ ജലക്രാന്തി പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ പോലും മുൻഗണനാ ലിസ്റ്റിൽ ഇല്ലെന്ന് സമിതി നിരീക്ഷിച്ചു.

15. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് തനത് ഫണ്ട് വളരെ കുറവായതിനാൽ സംസ്ഥാനത്തിന് ആകെ ലഭിക്കുന്ന തുക ജില്ലാടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടിവരുന്നുവെന്നും അപ്പോൾ ഓരോ ജില്ലയ്ക്കും നാമമാത്രമായ തുകയാണ് ലഭിക്കുന്നതെന്നും ആ തുക ഉയർന്ന മുൻഗണനാ ക്രമത്തിലുൾപ്പെടുന്ന പ്രദേശത്താണ് ചെലവാക്കേണ്ടതെന്നും എന്നാൽ പലപ്പോഴും മുൻഗണനാ ക്രമം പാലിക്കപ്പെടുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അവരുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചല്ല പ്രവൃത്തി ചെയ്യുന്നതെന്നും മുൻകൂട്ടി തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾക്കനുസരിച്ചുള്ള ഫണ്ടാണ് അവർക്ക് ലഭിക്കുന്നതെന്നും അപ്രകാരം ചെയ്യുന്ന

പ്രവൃത്തികളിൽ ചെറിയൊരു ശതമാനം മാത്രമെ തനതായ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെയ്യാൻ സാധിക്കുള്ളുവെന്നും കൃഷിവകുപ്പ് മുഖേന പി.പി.എം. സെൽ വഴി വരുന്ന പദ്ധതിയുടെ ഭൂരിഭാഗവും മണ്ണ് സംരക്ഷണ പ്രവൃത്തികളായിരിക്കുമെന്നും ഇത് നടപ്പിലാക്കുന്നത് മണ്ണ് സംരക്ഷണ വകുപ്പാണെന്നും അപ്പോഴും മുൻഗണനാക്രമം പാലിക്കപ്പെടുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. സമ്മർദ്ദത്തിനും, സ്വാധീനങ്ങൾക്കും വഴങ്ങാതെ മണ്ണു സംരക്ഷണ പ്രവൃത്തികൾ മുൻഗണനാ ക്രമമനുസരിച്ച് ചെയ്യേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി.

16. പ്രത്യേക മാനദണ്ഡങ്ങളനുസരിച്ച് മുൻഗണനാക്രമം നൽകുന്ന വാട്ടർഷെഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങളും മുൻഗണനാപ്രകാരം തന്നെ ചെയ്യേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഭാവിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഉയർന്ന മുൻഗണനാക്രമമുള്ള പ്രദേശങ്ങൾക്ക് കൂടുതൽ പരിഗണന നൽകണമെന്നും 'ജലക്രാന്തി' പോലെയുള്ള കേന്ദ്ര പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

17. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് തനത് ഫണ്ട് വളരെ കുറവായതിനാൽ ഓരോ ജില്ലയ്ക്കും നാമമാത്രമായ തുകയാണ് ലഭിക്കുന്നതെന്നും പ്രസ്തുത തുക ഉയർന്ന മുൻഗണനാ ക്രമത്തിലുൾപ്പെടുന്ന പ്രദേശത്താണ് ചെലവാക്കേണ്ടതെന്നും എന്നാൽ പലപ്പോഴും മുൻഗണനാക്രമം പാലിക്കപ്പെടുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. പ്രത്യേക മാനദണ്ഡങ്ങളനുസരിച്ച് മുൻഗണനാക്രമം നൽകുന്ന വാട്ടർഷെഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങളും മുൻഗണനാപ്രകാരം തന്നെ ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഉയർന്ന മുൻഗണനാക്രമമുള്ള പ്രദേശങ്ങൾക്ക് കൂടുതൽ പരിഗണന നൽകണമെന്നും 'ജലക്രാന്തി' പോലെയുള്ള കേന്ദ്രപദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

*കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഓഡിറ്റ് ഖണ്ഡിക 4.5.3*

## പഴയ നിരക്കുകളിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതുമൂലം പദ്ധതി തുകയിലുണ്ടായ കുറവ്- ₹ 10.84 കോടി (ഖണ്ഡിക നമ്പർ: 4.5.3)

കേരള പബ്ലിക് വർക്ക്സ് മാന്വൽ ഖണ്ഡിക 1601.1.1-ഉം 2-ഉം പ്രകാരം വർക്കുകളുടെ പ്രാഥമികവും വിശദവുമായ എസ്റ്റിമേറ്റുകൾ പ്രാബല്യത്തിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമായിരിക്കേണ്ടതാണ്.

ആർ.ഐ.ഡി.എഫ്. XIX, XX എന്നിവയിൽ അംഗീകരിച്ച മണ്ണ് സംരക്ഷണ പദ്ധതികൾ പരിശോധിച്ചതിൽ, ഈ വർക്കുകളുടെ ചില പ്രധാന ഘടകങ്ങളായ (1) കല്ലുകയ്യാല (2) അഗ്രോസ്റ്റോളോജിക്കൽ മെഷേഴ്സ് തുടങ്ങിയവയുടെ നിരക്കുകൾ പ്രാബല്യത്തിലുള്ള നിരക്കുകൾക്ക് പകരം പഴയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് തയ്യാറാക്കിയതെന്ന് ശ്രദ്ധയിൽപ്പെട്ടു.

ഡയറക്ടറേറ്റ് സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരമുള്ള വിവിധ പദ്ധതികൾ അനുവദിച്ചത്. ഈ പദ്ധതികൾ ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് ചെയ്തു വരുന്നു. 75 പ്രോജക്ടുകളിൽ 27 എണ്ണം പരിശോധിച്ചതിൽ, നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ₹ 47.38 കോടി ആയിരിക്കേണ്ട പദ്ധതി തുക, പഴയനിരക്ക് സ്വീകരിച്ച് തെറ്റായി ₹ 36.54 കോടി എന്ന് കണക്കാക്കിയതിനാൽ ₹ 10.84 കോടിയുടെ കുറവുണ്ടായി (അനുബന്ധം 4.1). തൽഫലമായി പഴയ നിരക്കിൽ അനുവദിച്ച പ്രകാരമുള്ള തുക ഉപയോഗിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് കഴിയുകയില്ല. ഇത് പദ്ധതി ലക്ഷ്യം നേടാതിരിക്കുന്നതിന് കാരണമാകുന്നു. സഹായം കുറവായതിനാൽ പ്രവൃത്തികൾ തുടങ്ങിയ ഗുണഭോക്താക്കൾ കല്ലുകയ്യാല, അഗ്രോസ്റ്റോളജിക്കൽ മെഷേഴ്സ് എന്നിവയുടെ നിർമ്മാണത്തിന് വിമുഖത പ്രകടിപ്പിച്ചതായി രേഖകൾ സൂചിപ്പിക്കുന്നു.

റേറ്റ് റിവിഷൻമൂലം തുകയിലുണ്ടായ വർദ്ധനവ്, ബന്ധപ്പെട്ട ഗുണഭോക്താക്കളായ കർഷകരുടെ വിഹിതത്തിലൂടെ കണ്ടെത്താൻ കഴിയും എന്ന് ഡി.എസ്.എസ്.എസ്.സി മറുപടി പറഞ്ഞു. കർഷകരുടെ സംഭാവന അവരുടെ വിഭാഗമനുസരിച്ച് അഞ്ചോ പത്തോ ശതമാനമായി നിശ്ചയിച്ചിരിക്കുന്നതിനാൽ ₹ 10.84 കോടി (22.88 ശതമാനം) വരുന്ന പദ്ധതി തുകയുടെ ബാധ്യത ഗുണഭോക്താക്കളിലേക്ക് മാറുന്നത് സ്കീമിന്റെ താല്പര്യത്തിനെതിരായതിനാൽ മറുപടി സാധൂകരിക്കാവുന്നതല്ല.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

18. കോൺട്രാക്ടർമാർ ചെയ്യുന്ന പ്രവൃത്തികൾക്ക് റിവൈസ് ചെയ്ത റേറ്റിലും ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് ചെയ്യുന്ന പ്രവൃത്തികൾക്ക് പ്രാബല്യത്തിലുള്ള നിരക്കുകൾക്ക് പകരം പഴയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള നിരക്കിലും നൽകുന്നത് സാധാരണക്കാർക്ക് ബുദ്ധിമുട്ടാകുമെന്ന് അഭിപ്രായപ്പെട്ട സമിതി, ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കണമെന്നും റിവൈസ്ഡ് റേറ്റിൽ പ്രവൃത്തികൾ ചെയ്യണമെന്നും അത് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

19. മണ്ണ് സംരക്ഷണ പദ്ധതികളിലുൾപ്പെട്ട കല്ലുകയ്യാല, അഗ്രോസ്റ്റോളജിക്കൽ മെഷേഴ്സ് എന്നിവയുടെ നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന മറുപടി വകുപ്പ് ലഭ്യമാക്കിയതിനാൽ, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

20. ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് ചെയ്യുന്ന പ്രവൃത്തികൾക്ക് പ്രാബല്യത്തിലുള്ള നിരക്കുകൾക്ക് പകരം പഴയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള നിരക്ക് നൽകുന്നത് സാധാരണക്കാർക്ക് ബുദ്ധിമുട്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കുന്നതിനും, പുതുക്കിയ നിരക്കിലുള്ള പദ്ധതി നിർദ്ദേശങ്ങളാണ് ഗുണഭോക്താക്കൾ സമർപ്പിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഖണ്ഡിക 4.6*

**ഉയർന്ന നിരക്കിൽ വർക്കുകൾ ചെയ്യലും (₹ 2.08 കോടി) മണ്ണ് സംരക്ഷണ ഘടകങ്ങളുടെ കുറവും.(ഖണ്ഡിക നമ്പർ: 4.6)**

നബാർഡ് നിർദ്ദേശപ്രകാരം, വില വർദ്ധനവ് മൂലമുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ നിർദ്ദേശിക്കേണ്ടത് 2010 വരെ അനുമതി ലഭിച്ച് ഒരു വർഷത്തിനകം അല്ലെങ്കിൽ പ്രവൃത്തി അവാർഡ് ചെയ്ത മൂന്ന് മാസത്തിനകവും; എന്നാൽ അതിനുശേഷം, അനുമതി തീയതി മുതൽ രണ്ട് വർഷത്തിനകവും ആണ്.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തി:

- പണികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ച ഷെഡ്യൂൾ പാലിക്കുന്നതിൽ, 55-ൽ 19 കേസുകൾ പരിശോധിച്ചതിൽ ഡി.എസ്.എസ്.എസ്.സി. പരാജയപ്പെട്ടതായി കണ്ടു. കാലതാമസം മൂന്ന് വർഷം വരെ ഉണ്ടായിരുന്നു. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ ലക്ഷ്യമിട്ടതിൽ, വിവിധ ഘടകങ്ങളുടെ അളവുകൾ കുറവ് ചെയ്ത് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പണി ചെയ്യുന്നതിന് ഡി.എസ്.എസ്.എസ്.സി. ഡി.എസ്.സി.ഒ.- മാർക്ക് നിർദ്ദേശം നൽകി. ഉയർന്ന നിരക്ക് അനുവദിച്ചതുമൂലം കോസ്റ്റ് എസ്കലേഷന് നബാർഡിനെ സമീപിക്കാത്തതിനാൽ സംസ്ഥാന ഖജനാവിന് ₹ 2.08 കോടിയുടെ ബാധ്യതയുണ്ടായി.
- നിരക്കുകളിലുള്ള വർദ്ധനവുമൂലം മുഖ്യഘടകങ്ങളുടെ അളവുകളിൽ താഴെ വിവരിക്കും പ്രകാരം 25 മുതൽ 90 ശതമാനം വരെ കുറവ് വന്നതായി കണ്ടു.

പട്ടിക: കുറഞ്ഞ അളവിൽ ചെയ്ത പണികളുടെ വിശദാംശങ്ങൾ

| മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ ഘടകങ്ങൾ | യഥാർത്ഥ സാങ്കേതികാനുമതി പ്രകാരം ചെയ്യേണ്ട അളവ് | പൂർത്തിയാക്കിയ പദ്ധതികളിലെ ചെയ്ത അളവ് | അളവിലുണ്ടായ കുറവ്(ശതമാനം) |
|---|---|---|---|
| കല്ല്, കയ്യാല | 610680 ആർ.എം | 419206 ആർ.എം | 191473 ആർ.എം (31%) |
| അഗ്രോസ്റ്റോളജിക്കൽ മെഷേഴ്സ് | 135000 ആർ.എം | 13962 ആർ.എം | 121038 ആർ.എം (90%) |
| മോയിസ്ച്ചർ കൺസർവേഷൻ പിറ്റ് | 14500 എണ്ണം | 10890 എണ്ണം | 3610 ആർ.എം (25%) |
| മണ്ണ് കൊണ്ടു നിർമ്മിച്ച ബണ്ട് | 20500 എണ്ണം | 3775 എണ്ണം | 16725 ആർ.എം (82%) |

- കുറഞ്ഞ അളവുകളിലെ പണിയുടെ ഫലമായി മണ്ണ് സംരക്ഷണ ലക്ഷ്യം നേടുവാൻ സാധിച്ചിട്ടില്ല.
- അളവുകളിലെ പണിക്കുറവുമൂലം 1,17,321 പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെട്ടത് തൊഴിൽ ലഭ്യത എന്ന അനുവർത്തിത ലക്ഷ്യത്തേയും പരാജയപ്പെടുത്തി.

അനുവദിച്ച തുകയ്ക്കുള്ളിൽ പദ്ധതി തുക നിലനിർത്തുന്നതിനുവേണ്ടിയാണ് പണികളുടെ അളവ് ക്രമീകരിച്ചതെന്ന് ഡയറക്ടർ പറഞ്ഞു. അളവുകളുടെ കുറവ് വർക്കിന്റെ സ്കോപ്പ് മാറുക, പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെടുക, ലക്ഷ്യം നേടാതിരിക്കുക തുടങ്ങിയവയ്ക്ക് കാരണമാകുന്നതിനാൽ നടപടി സാധൂകരിക്കത്തക്കതല്ല.

ശിപാർശ നമ്പർ 1: പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യപ്രദേശം പരിപാലിക്കുന്നതിനും അർഹമായ പദ്ധതി പ്രകാരമുള്ള ധനസഹായം നബാർഡിൽ നിന്ന് നേടുന്നതിനുമായും പണിയുടെ നിർമ്മാണത്തിന്റെ വർദ്ധനവുമൂലം ഉളവാകുന്ന സ്വാധീനം തരണം ചെയ്യുന്നതിന് വകുപ്പ് പ്രൊപ്പോസലുകൾ യഥാസമയം സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ നിരക്ക് വർദ്ധിപ്പിച്ചപ്പോൾ കരാറുകാരനെ സഹായിക്കാനായിട്ടാണ് പ്രവൃത്തികളുടെ ഘടകങ്ങളിൽ 31-90% വരെ കുറവ് വരുത്തിയതെന്ന് അഭിപ്രായപ്പെട്ട സമിതി ആയതിന്മേൽ വകുപ്പിന്റെ വിശദീകരണമാരാഞ്ഞു. വാട്ടർഷെഡ് പദ്ധതി ഗുണഭോക്തൃ കമ്മിറ്റി കൂടിയാണ് നടപ്പിലാക്കുന്നതെന്നും ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് 10 ശതമാനവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 ശതമാനവും പൊതു പ്രവർത്തനങ്ങൾക്ക് 5 ശതമാനവുമാണ് ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ളതെന്നും കർഷകർ അവരുടെ പുരയിടങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾക്ക് വകുപ്പാണ് റേറ്റ് നടപ്പിലാക്കുന്നതെന്നും അവർക്ക് ഇൻസെന്റീവ് എന്ന നിലയ്ക്കാണ് അത് നൽകുന്നതെന്നും മണ്ണ് സംരക്ഷണ മണ്ണ് പര്യവേക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയിൽ വിശദമാക്കി.

22. വാട്ടർഷെഡ് പദ്ധതിയുടെ 90% ഘടകങ്ങളും ഒഴിവാക്കിയതായി ആഡിറ്റിൽ പരാമർശിച്ചിട്ടുള്ളതിനെ കുറിച്ച് സമിതി വകുപ്പിനോട് വിശദീകരണമാരാഞ്ഞു. ഗുണഭോക്തൃ കമ്മിറ്റി കർഷകനുമായി വയ്ക്കുന്ന എഗ്രിമെന്റിൽ റേറ്റ് റിവിഷൻ ബാധകമായിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ടെന്ന് മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) അറിയിച്ചു. ഉപഭോക്താവ് നേരിട്ട് ചെയ്യുന്ന പ്രവൃത്തിയായതിനാലാണ് ഘടകങ്ങളിൽ കുറവ് വരുത്തിയിട്ടുള്ളതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഒരു വാട്ടർഷെഡ് പദ്ധതിയിൽ 10-15 ഘടകങ്ങളുണ്ടായിരിക്കുമെന്നും അതിലെ ഒരു ഘടകമായ അഗ്രോസ്റ്റോളജിക്കൽ മെഷേഴ്സിന്റെ നിർമ്മാണത്തിനായി സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയുടെ അളവിന്റെ തൊണ്ണൂറ് ശതമാനമാണ് ഒഴിവാക്കിയതെന്നും അഗ്രോസ്റ്റോളജിയെന്നാൽ ബണ്ടിന്റെ മുകളിൽ പുല്ല് വെച്ചുപിടിപ്പിക്കുന്ന പ്രവൃത്തിയാണെന്നും അത് കർഷകർക്ക് നേരിട്ട് ചെയ്യാൻ സാധിക്കുന്ന പ്രവൃത്തിയായതുകൊണ്ടാണ് ഒഴിവാക്കിയതെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

23. ഒരു പദ്ധതിയുടെ 90% ഘടകങ്ങളല്ല മറിച്ച് പ്രസ്തുത പദ്ധതിയുടെ ഒരു ഘടകത്തിന്റെ തൊണ്ണൂറ് ശതമാനമാണ് ഒഴിവാക്കിയതെന്ന് വകുപ്പിന്റെ മറുപടിയിൽ വ്യക്തമാക്കണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. വാട്ടർഷെഡ് പദ്ധതികൾ എസ്റ്റിമേറ്റിനുള്ളിൽ നിന്ന് ചെയ്തു തീർക്കാൻ ഗുണഭോക്താക്കൾക്ക് കഴിയില്ലെന്നും ഇത്തരം പ്രവൃത്തികൾ ടെണ്ടർ വിളിച്ച് ചെയ്യുന്നതാണ് ഉചിതമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് സർക്കാരിൽനിന്നും അനുമതി തേടിയിട്ടുണ്ടെന്ന് കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

24. നിലവിൽ ഏത് പദ്ധതിയെടുത്താലും അതിൽ 10 ശതമാനം കോസ്റ്റ് എസ്കലേഷനുള്ള നിബന്ധന ഉൾപ്പെടുത്തണമെന്നാണ് നബാർഡ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഒരു തവണ നബാർഡ് അനുവദിക്കുന്ന ആകെ തുകയിൽ വ്യത്യാസം വരികയാണെങ്കിൽ അത് പുനഃപരിശോധിക്കുന്നതിന് സാധിക്കുകയില്ലായെന്നും അതുകൊണ്ടാണ് ഇത്തരമൊരു

നിബന്ധന ഉൾപ്പെടുത്താൻ നബാർഡ് നിർദ്ദേശിച്ചിട്ടുള്ളതെന്നും അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത പദ്ധതിയിൽ കോസ്റ്റ് എസ്കലേഷൻ ആവശ്യമായി വന്നപ്പോൾ സർക്കാരിനും നബാർഡിനും കത്ത് അയച്ചിരുന്നുവെങ്കിലും അധിക തുക നൽകുന്നതിന് കഴിയില്ലെന്ന് നബാർഡ് അറിയിച്ചതിനെ തുടർന്ന് എ.എസ്. ലഭിച്ച തുകയ്ക്കുള്ളിൽ നിന്ന് പ്രവൃത്തി പൂർത്തിയാക്കണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ചില ഘടകങ്ങൾ ഒഴിവാക്കേണ്ടി വന്നതെന്നും നിലവിൽ ആദ്യം തന്നെ കോസ്റ്റ് എസ്കലേഷനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തുന്നതുകൊണ്ട് ഈ പ്രശ്നം വരുന്നില്ലായെന്നും കൂടാതെ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ടെന്നും അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി.

### നിഗമനങ്ങൾ/ശിപാർശകൾ

25. ശിപാർശയില്ല.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ഇക്കണോമിക് സെക്ടർ ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 4.7*

### സോയിൽ ഹെൽത്ത് കാർഡ് സ്കീം നടപ്പിലാക്കിയതിലെ കാര്യക്ഷമതയില്ലായ്മ (ഖണ്ഡിക നമ്പർ : 4.7)

വളത്തിന്റെ പ്രയോഗം ബുദ്ധിപൂർവ്വം ആസൂത്രണം ചെയ്യുന്നതിനും അതുവഴി കൃഷിച്ചെലവ് കുറയുമെന്നതിനാൽ കൃഷിക്കാരെ സഹായിക്കുന്നതിന്, തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ കൃഷിക്കാർക്ക് സൗജന്യമായി സോയിൽ ഹെൽത്ത് കാർഡുകൾ (എസ്.എച്ച്.സി.) വിതരണം ചെയ്യുന്നതിനുള്ള സ്കീം ഡയറക്ടറേറ്റ് നടപ്പിലാക്കി. സംസ്ഥാനത്ത്, 2008-2015 കാലഘട്ടത്തിൽ, 54 പഞ്ചായത്തുകളിലായി 51986 എസ്.എച്ച്.സി.-കൾ വിതരണം ചെയ്യുകയും അതിൽ 34 തെരഞ്ഞെടുക്കപ്പെട്ട എസ്.എച്ച്.സി.-കളിൽ വിതരണം ചെയ്യുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുവാൻ ഡി.എസ്.എസ്.എസ്.സി. ഒരു മാനദണ്ഡവും നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ ജനപ്രതിനിധികൾ/ ഗുണഭോക്താക്കൾ എന്നിവരുടെ അഭ്യർത്ഥന/ശിപാർശ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രമേയം എന്നിവയുടെ അടിസ്ഥാനത്തിലാണ് 34 പഞ്ചായത്തുകൾ (63 ശതമാനം) തെരഞ്ഞെടുത്തത്. കൃഷി ഭൂമിയിലെ ഓരോ വിളയ്ക്കുമുള്ള മണ്ണ്, അടിസ്ഥാനമായുള്ള വളത്തിന്റെയും ചുണ്ണാമ്പിന്റെയും പ്രയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇവയ്ക്കുപുറമെ ജല സംഭരണശേഷി, ചരിഞ്ഞ പ്രതലത്തിന് തിരശ്ചീന തലമായുള്ള കോണ്, ചരിവ്, നീരൊഴുക്ക്, മണ്ണിന്റെ ഘടന മുതലായവ സോയിൽ അനലിറ്റിക്കൽ പരീക്ഷണ ശാലയിൽ മണ്ണിന്റെ സാംപിളിന്റെ പരിശോധനയ്ക്ക് ശേഷം എസ്.എച്ച്.സി.-യിൽ ചേർത്തിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തി:

- എസ്.എച്ച്.സി.-കൾ വിതരണം ചെയ്യുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുവാൻ ഡി.എസ്.എസ്.എസ്.സി. യാതൊരു മാനദണ്ഡവും നിർദ്ദേശിച്ചില്ല.
- പരിശോധിച്ച അഞ്ച് പഞ്ചായത്തുകളിലെ 23514 കർഷകരിൽ 10772 പേർക്ക് എസ്.എച്ച്.സി.-കൾ വിതരണം ചെയ്യുകയും ബാക്കി 12742 പേർക്ക് (54 ശതമാനം) വിതരണം ചെയ്യാതെയും വന്നു.
- ഡയറക്ടറേറ്റ് എസ്.എച്ച്.സി.-കൾ വിതരണം ചെയ്ത അഞ്ച് ജില്ലകളിലെ അഞ്ച് പഞ്ചായത്തുകളിലെ 10772 ഗുണഭോക്താക്കളിൽ 77 പേരുടെ എസ്.എച്ച്.സി.-കൾ ഓഡിറ്റ് ഭൗതികമായി പരിശോധിച്ചതിൽ താഴെ പറയുന്നവ നിരീക്ഷിച്ചു

എ. എസ്.എച്ച്.സി.-കൾ വിതരണം ചെയ്തുവെന്ന് ഡയറക്ടറേറ്റ് അവകാശപ്പെട്ടുവെങ്കിലും സർവ്വേയിൽപ്പെട്ട 18 ശതമാനം ഗുണഭോക്താക്കൾക്ക് എസ്.എച്ച്.സി.-കൾ ലഭിച്ചിട്ടില്ല.

ബി. മണ്ണിൽ ആവശ്യമൂലകങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് ഓരോ വർഷവും സൂക്ഷ്മമൂലകങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് അഞ്ച് വർഷത്തിലൊരിക്കൽ എസ്.എച്ച്.സി.-കൾ ആനുകാലികമാക്കേണ്ടതാണ്. എന്നാൽ, വിതരണം ചെയ്തുകഴിഞ്ഞ എസ്.എച്ച്.സി.-കൾ ഡയറക്ടറേറ്റ് ആനുകാലികമാക്കുന്നില്ല.

സി. 22 ശതമാനം ഗുണഭോക്താക്കൾ മാത്രമാണ് എസ്.എച്ച്.സി. ഗുണകരമാണെന്ന് അവകാശപ്പെട്ടത്.

എസ്.എച്ച്.സി.-കൾ വിതരണം ചെയ്യുന്നതിനും പഞ്ചായത്തുകളെയും കർഷകരെയും തെരഞ്ഞെടുക്കുന്നതിനും ഒരു മാനദണ്ഡവും ഇല്ലെന്ന് ഡി.എസ്.എസ്.എസ്.സി.സമ്മതിച്ചു. മാനവശേഷി കുറവായതുകൊണ്ടാണ് എസ്.എച്ച്.സി.-കൾ ആനുകാലികമാക്കാത്തതും എസ്.എച്ച്.സി.-കൾ ഗുണഭോക്താക്കൾക്ക് ശരിയായി ലഭിക്കാത്തതും എന്ന് ഡയറക്ടർ പ്രസ്താവിച്ചു. കൃഷി ചെലവ് കുറയ്ക്കുന്നതിന് വളത്തിന്റെ പ്രയോഗം ബുദ്ധിപൂർവ്വമായി ആസൂത്രണം ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്നതിൽ ഡയറക്ടറേറ്റ് പരാജയപ്പെട്ടതിനാൽ ഡയറക്ടറുടെ മറുപടി സാധൂകരിക്കാനാവില്ല.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

26. സോയിൽ ഹെൽത്ത് കാർഡ് വിതരണം പൂർത്തിയായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കൃഷിവകുപ്പും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായാണ് സ്കീം നടപ്പാക്കുന്നതെന്നും ചില പഞ്ചായത്തുകളിൽ വിതരണം

പൂർത്തിയായിട്ടില്ലെന്നും രജിസ്റ്റർ ചെയ്തിട്ടുള്ള 18 ലക്ഷം കർഷകരിൽ 15 ലക്ഷത്തോളം കർഷകർക്ക് കാർഡ് വിതരണം ചെയ്തുവെന്നും 2019 മാർച്ച് മാസത്തോടുകൂടി സോയിൽ ഹെൽത്ത് കാർഡിന്റെ വിതരണം പൂർത്തിയാകുമെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) മറുപടി പറഞ്ഞു.

27. മണ്ണ് പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ സമിതി ആരാഞ്ഞപ്പോൾ, ശാസ്ത്രീയമായി മൂന്ന് വർഷത്തിലൊരിക്കൽ മണ്ണ് പരിശോധന നടത്താറുണ്ടെന്നും, മണ്ണിൽ വളപ്രയോഗം ചെയ്ത് മൂന്ന് വർഷം കഴിയുമ്പോഴാണ് ശരിയായ പ്രയോജനം ലഭിക്കുന്നതെന്നും, പ്രളയാനന്തരം മണ്ണിലുണ്ടായ മാറ്റങ്ങൾ സംബന്ധിച്ചുള്ള പരിശോധനകൾ എല്ലാ ജില്ലകളിലും ആരംഭിച്ചെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) വിശദമാക്കി. കൃഷി വകുപ്പ് ഓരോ ജില്ലയിലും ഡെമോ ക്ലാസ്സുകൾ നടത്തുന്നുണ്ടെന്നും അതിന്റെ ഫലമായി 10 ശതമാനം ഉത്പാദനക്ഷമത വർദ്ധിച്ചതായും അഡീഷണൽ ഡയറക്ടർ കൂട്ടിച്ചേർത്തു.

28. വകുപ്പ് ഡെമോ ക്ലാസ്സുകളല്ല നടത്തേണ്ടതെന്ന് അഭിപ്രായപ്പെട്ട സമിതി; ഓരോ വർഷവും കമ്പ്യൂട്ടറിന്റെ സഹായത്താൽ മണ്ണ് പരിശോധിച്ച് വളപ്രയോഗം നടത്തിയാൽ വിളവ് ഉല്പാദനം വർദ്ധിക്കുമെന്നും നല്ല പദ്ധതികൾ കൊടുത്താൽ കേന്ദ്ര സർക്കാരിൽ നിന്നും 80 ശതമാനം സബ്സിഡി ലഭിക്കുമെന്നും ഇത് മറ്റുള്ള സംസ്ഥാനങ്ങളിലെല്ലാം നടപ്പിലാക്കി കഴിഞ്ഞുവെന്നും ആയതിനാൽ കർണ്ണാടക ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ കേരളത്തിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

29. കർണ്ണാടക സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സ്കീം പ്രകാരം ഓരോ സ്ഥലത്തെയും ഭൂമിയുടെ പ്രത്യേകത നോക്കി ഡിജിറ്റൽ കാർഡുകൾ നൽകുന്നുണ്ടെന്നും മൊബൈൽ ആപ്പ് വഴി ഓരോ കൃഷി സ്ഥലത്തെയും കുറവുകൾ അറിയാൻ കഴിയുമെന്നും സമിതി അറിയിച്ചപ്പോൾ "മണ്ണിനെ അറിയാം മൊബൈലിൽ" എന്ന ഒരു സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. കർഷകർക്ക് വിതരണം ചെയ്യുന്ന സോയിൽ ഹെൽത്ത് കാർഡ് കാലാകാലങ്ങളിൽ പരിഷ്കരിക്കണമെന്നും, കൃത്യമായി അപ്ഡേറ്റ് ചെയ്യണമെന്നും സൂക്ഷ്മ പോഷകങ്ങളുൾപ്പെടെയുള്ള വളങ്ങളും കൃഷി സംബന്ധമായ മറ്റ് വിവരങ്ങളും കർഷകർക്ക് കൃത്യമായി ലഭിക്കാനാവശ്യമായ സംവിധാനമൊരുക്കണമെന്നും, കൃഷിക്കുപയോഗിക്കുന്ന വെള്ളം പ്രത്യേകിച്ചും കുഴൽക്കിണറുകളിലെ വെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനം ജലവിഭവ വകുപ്പിന്റെ സഹായത്തോടെ ഒരുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

30. പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും മണ്ണിന്റെ ഘടനയിൽ വലിയ മാറ്റം വന്നിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇത്തരത്തിൽ മണ്ണിന്റെ മാറ്റത്തെ സംബന്ധിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുന്നതിനും കൃഷി ചെയ്യാൻ കഴിയുന്ന രീതിയിൽ ശാസ്ത്രീയമായ ഉപദേശം കൃഷിക്കാർക്ക് നൽകുന്നതിനും കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ കൃഷി വകുപ്പും മണ്ണ് സംരക്ഷണ വകുപ്പും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

31. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് മണ്ണിന്റെ ഘടന, ഭൂമിയുടെ പ്രത്യേകത എന്നിവയ്ക്കനുസൃതമായി കാർഷിക വിളകളും കൃഷി രീതികളും ക്രമീകരിക്കേണ്ടതുണ്ട്. തുടർച്ചയായുള്ള കാലാവസ്ഥാവ്യതിയാനം, വളപ്രയോഗം തുടങ്ങിയ കാരണങ്ങളാൽ മണ്ണിൽ വന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ തുടർച്ചയായ മണ്ണ് പരിശോധന അനിവാര്യമാണ്. സംസ്ഥാനത്തെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകമാറ് നിലവിൽ മൂന്ന് വർഷത്തിലൊരിക്കൽ വകുപ്പ് നടത്തുന്ന മണ്ണ് പരിശോധനയ്ക്ക് പകരം, ഓരോ വർഷവും മണ്ണ് പരിശോധിച്ച് കൃഷി വകുപ്പും, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി മണ്ണിന് അനുയോജ്യമായ വളങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. കർണ്ണാടക ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന് മികച്ച കാർഷിക പദ്ധതികൾ സമർപ്പിച്ച് 80% സബ്സിഡി ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കുന്നതുപോലെ കേരളത്തിലും കേന്ദ്രസഹായത്തോടെ മികച്ച കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ കൃഷി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

33. കർഷകർക്ക് വിതരണം ചെയ്യുന്ന സോയിൽ ഹെൽത്ത് കാർഡ് വകുപ്പ് കാലാകാലങ്ങളിൽ പരിഷ്കരിച്ച് കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനും സൂക്ഷ്മ പോഷകങ്ങളുൾപ്പെടെയുള്ള വളങ്ങളും, കൃഷി സംബന്ധമായ മറ്റു വിവരങ്ങളും കർഷകർക്ക് കൃത്യമായി ലഭിക്കാനാവശ്യമായ സംവിധാനമൊരുക്കുന്നതിനും, കൃഷിക്കുപയോഗിക്കുന്ന വെള്ളം പ്രത്യേകിച്ചും കുഴൽക്കിണറുകളിലെ വെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനം ജലവിഭവ വകുപ്പിന്റെ സഹായത്തോടെ കൃഷി വകുപ്പ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. പ്രളയാനന്തരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും മണ്ണിന്റെ ഘടനയിൽ വലിയ വ്യതിയാനം സംഭവിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുന്നതിനും, മണ്ണിന്റെ മാറ്റത്തിനനുസരിച്ച്

കൃഷി ചെയ്യാനുതകുന്ന ശാസ്ത്രീയമായ ഉപദേശം കൃഷിക്കാർക്ക് നൽകുന്നതിനും കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ കൃഷി വകുപ്പും, മണ്ണ് സംരക്ഷണ വകുപ്പും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ (ഇക്കണോമിക് സെക്ടർ ) ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകൾ 4.8, 4.8.1, 4.8.2 എന്നിവ*

**സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഡി.എസ്.എസ്.എസ്.സി.-യുടെ വിലയിരുത്തൽ (ഖണ്ഡിക നമ്പർ: 4.8)**

ആസ്തികളുടെ പരിപാലനത്തിനുവേണ്ടി രൂപീകരിച്ച കോർപ്പസ് ഫണ്ടിന്റെ വിനിയോഗം വിലയിരുത്തുന്നതിനുള്ള സിസ്റ്റത്തിന്റെ അഭാവം, പ്രവൃത്തികളുടെ ഫലപ്രാപ്തി വിലയിരുത്താതിരിക്കൽ, സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന അർഹിക്കാത്ത ആനുകൂല്യം തുടങ്ങിയവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടവ താഴെ വിവരിക്കുന്നു:

**നദീതീര പദ്ധതികളുടെ കോർപ്പസ് ഫണ്ട് ഉപയോഗിക്കാതിരിക്കുന്നത് (ഖണ്ഡിക നമ്പർ: 4.8.1)**

ഓഡിറ്റ് ഭൗതികമായി പരിശോധിച്ച കൂടൽകടവുകളും വാട്ടർഷെഡ് നശിച്ച അവസ്ഥയിലായിരുന്നു. കോർപ്പസ് ഫണ്ട് തുക ഉപയോഗിച്ച് ഡി.എസ്.എസ്.എസ്.സി. പൊതു ആസ്തിയുടെ (കുളം) പരിപാലനം നടത്തേണ്ടതായിരുന്നുവെങ്കിലും, ഫണ്ട് ഉപയോഗിച്ച് ഇത് നടത്തുന്നതിന് ഡി.എസ്.എസ്.എസ്.സി. യാതൊരു നടപടിയും കൈക്കൊണ്ടില്ല. മേൽ വിവരിച്ച നാശത്തെ കുറിച്ച് ഡി.എസ്.എസ്.എസ്.സി. അറിഞ്ഞത് ഓഡിറ്റിന്റെ വെളിച്ചത്തിൽ നടത്തിയ ജോയിന്റ് ഇൻസ്പെക്ഷനിലായിരുന്നു.

**വർക്കുകളുടെ ഫലപ്രാപ്തി വിലയിരുത്താത്തത് (ഖണ്ഡിക നമ്പർ: 4.8.2)**

സംസ്ഥാനത്ത് നടത്തിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്നറിയുന്നതിന് 2010-2015 കാലഘട്ടത്തിൽ ഡയറക്ടറേറ്റ് യാതൊരു ഫലപ്രാപ്തി പഠനവും നടത്തിയിട്ടില്ല.

ഫലപ്രാപ്തി പഠനത്തിന്റെ അഭാവത്തിൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്ന് കണക്കാക്കുന്നതിനും ഭാവിയിലെ മെച്ചപ്പെടുത്തലിന് ഏതെങ്കിലും ശിപാർശ നൽകുന്നതിനും ഓഡിറ്റിന് കഴിഞ്ഞില്ല. മേൽ വിവരിച്ച ഓഡിറ്റ് പരാമർശങ്ങൾ അംഗീകരിച്ചുകൊണ്ട്, ഒരു വിലയിരുത്തൽ പഠനവും ഡയറക്ടറേറ്റ് നടത്തിയിട്ടില്ലായെന്ന് ഡി.എസ്.എസ്.എസ്.സി. പ്രസ്താവിച്ചു.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

35. ഓഡിറ്റ് ഖണ്ഡിക 4.8.1 പരിഗണിച്ച സമിതി കൂടൽകടവ് കുളം വാട്ടർഷെഡിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് ആരാഞ്ഞു. പ്രസ്തുത വാട്ടർഷെഡിന്റെ നിർമ്മാണം പൂർത്തിയായെന്നും ഗൈഡ്‌ലൈൻ പ്രകാരം ഒരു പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാൽ ഉണഭോക്തൃ സമിതി അത് പരിപാലിക്കേണ്ടതും പഞ്ചായത്ത് വിലയിരുത്തലുകൾ നടത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരാമർശം ഉണ്ടാകുന്നത് വരെ പ്രസ്തുത പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തിയിരുന്നത് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പായിരുന്നുവെന്നും പിന്നീട് ഡി.ഡബ്ല്യു.ആർ.ഡി.എം.-നേയും, കാസർഗോഡ് സി.പി.സി.ആർ.ഐ.-യേയും ചുമതലപ്പെടുത്തിയെന്നും അവരാണ് ഇപ്പോൾ മേൽനോട്ടം നടത്തി വരുന്നതെന്നും, അവർ പ്രാഥമിക റിപ്പോർട്ട് നൽകിയെന്നും അന്തിമ റിപ്പോർട്ട് ഈ വർഷാവസാനം ഗവൺമെന്റിന് സമർപ്പിക്കുമെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

36. ശിപാർശയില്ല.

### പൊതുകുളങ്ങളെ അവഗണിച്ചുകൊണ്ട് സ്വകാര്യകുളങ്ങൾ പുതുക്കിയത് - ₹ 10.48 കോടി (ഖണ്ഡിക നമ്പർ : 4.8.3)

കുട്ടനാട് തണ്ണീർത്തടത്തിലെ ആവാസ വ്യവസ്ഥയും പരിസ്ഥിതി സംരക്ഷണം ശക്തിപ്പെടുത്തുന്നതിനും, കുട്ടനാട് പ്രദേശത്തെ കൃഷി സംബന്ധമായ ദുരവസ്ഥ പാരിസ്ഥിതിക പുനരുദ്ധാരണത്തിലൂടെ ലഘൂകരിക്കുന്നതിനും കേരള സർക്കാർ ഘട്ടം I-ഉം ഘട്ടം II-ഉുമായി ₹ 15.25 കോടിയും ₹ 25.20 കോടിയുടെയും ചെലവിന് ഭരണാനുമതി നൽകി (2011 ഡിസംബറും 2013 ആഗസ്റ്റും). 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻ കീഴിൽ 2011-2015 കാലഘട്ടത്തിൽ ₹ 26.86 കോടി ഡി.എസ്.എസ്.എസ്.സി.-ക്ക് ലഭിച്ചു. സ്വകാര്യ കുളങ്ങൾ ഗവൺമെന്റ് ചെലവിൽ പുതുക്കുന്നതിന് കുട്ടനാട് പാക്കേജിൽ യാതൊരു നിർദ്ദേശവും ഇല്ലായിരുന്നു.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്ത് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിൽ, കുട്ടനാട് പാക്കേജിൽ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് പൊതുകുളങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച് യാതൊരു പഠനവും സർവ്വേയും ഡയറക്ടറേറ്റ് നടത്തിയിരുന്നില്ലായെന്ന് ഓഡിറ്റ് കണ്ടു. ഏതെങ്കിലും സർവ്വേ നടത്തുന്നതിനുപകരം, സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങിയവ നിർദ്ദേശിച്ച കുളങ്ങളുടെ നവീകരണ പ്രവൃത്തികളാണ് ഓഫീസ് നടത്തിയത്. പൊതു സ്വകാര്യ കുളങ്ങളുടെ നവീകരണത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

പട്ടിക : കുളങ്ങളുടെ നവീകരണം സംബന്ധിച്ച വിശദാംശങ്ങൾ

| ഘട്ടം | നവീകരിച്ച മൊത്തം കുളങ്ങൾ | നവീകരണത്തിന് ചെലവഴിച്ച തുക (₹ കോടിയിൽ) | സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള നവീകരിച്ച കുളങ്ങളുടെ എണ്ണം | സ്വകാര്യ കുളങ്ങളുടെ നവീകരണത്തിന് ചെലവഴിച്ച തുക (₹ കോടിയിൽ) | പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ചെലവഴിച്ച തുക (₹ കോടിയിൽ) |
|---|---|---|---|---|---|
| ഘട്ടം I | 61 | 5.52 | 39 (63.93%) | 3.30 (59.78%) | 2.22 |
| ഘട്ടം II | 73 | 8.86 | 53 (72.60%) | 7.18 (81.04%) | 1.66 |
| ആകെ | 134 | 14.38 | 92 (68.66%) | 10.48 (72.88%) | 3.90 |

കുട്ടനാട് മേഖലയിൽ നവീകരണം ആവശ്യമുള്ള 480 പൊതുകുളങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, ജലസേചനത്തിനും പൊതു ആവശ്യങ്ങൾക്കും ഉപയോഗ്യമാകുമായിരുന്ന ഈ പൊതുകുളങ്ങൾ തിരിച്ചറിയുന്നതിൽ ഡയറക്ടറേറ്റ് പരാജയപ്പെട്ടു. തദ്ദേശസ്ഥാപനങ്ങൾ നിശ്ചയിച്ച മുൻഗണനകളുടെ അടിസ്ഥാനത്തിലാണ് നവീകരണത്തിന് കുളങ്ങൾ തെരഞ്ഞെടുത്തതെന്ന് ഡി.എസ്.എസ്.എസ്.സി. പ്രസ്താവിച്ചു. നവീകരണം ആവശ്യമുള്ള ധാരാളം പൊതുകുളങ്ങൾ ഉണ്ടായിരുന്നതിനാൽ മറുപടി സാധൂകരിക്കാൻ കഴിയില്ല. സംയുക്ത ഭൗതിക പരിശോധനയിൽ (10 എണ്ണം) നവീകരിച്ച സ്വകാര്യ കുളങ്ങൾ മതപരമായ ആവശ്യങ്ങൾക്ക് മാത്രമാണെന്നും ജലസേചനത്തിന് ഉപയോഗിക്കുന്നില്ലായെന്നും എന്നാൽ പൊതുകുളങ്ങൾ ജലസേചനത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടി നവീകരണ പ്രവൃത്തികൾ നടത്തിയത് എന്ന് വെളിപ്പെട്ടു. സ്വകാര്യ കുളങ്ങളുടെ ഉടമസ്ഥർക്ക് പൊതുചെലവിൽ അനർഹമായ നേട്ടം ലഭ്യമാക്കി.

**ശിപാർശ നമ്പർ 2** : ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനായി പൊതുകുളങ്ങളുടെ നവീകരണ ജോലി വിവേകപൂർണ്ണമായി തെരഞ്ഞെടുക്കുന്നതിന് കൃഷി വകുപ്പ് ഒരു വ്യവസ്ഥ വിഭാവനം ചെയ്യേണ്ടതാണ്.

*[കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഓഡിറ്റ് ഖണ്ഡിക 4.8.3]*

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

37. പൊതു കുളങ്ങളെ അവഗണിച്ചുകൊണ്ട് സ്വകാര്യ കുളങ്ങളെ കുട്ടനാട് പാക്കേജിലുൾപ്പെടുത്തി. ₹10.48 കോടി ചെലവാക്കി പുതുക്കിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനോട് വിശദീകരണമാരാഞ്ഞു.

38. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക ഉപയോഗിച്ച് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ 144 കുളങ്ങൾ നവീകരിച്ചുവെന്നും ഇതിൽ 28 എണ്ണം പഞ്ചായത്തിന്റെയും ബാക്കിയുള്ളവ അമ്പലം, പള്ളികൾ എന്നിവയുടെ കൈവശമുള്ളവയാണെന്നും മണ്ണ് പര്യവേക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയിൽ അറിയിച്ചു. കുളങ്ങളെല്ലാം ജലസേചന വകുപ്പിന്റെ കീഴിലാണ് വരുന്നതെന്നും പ്രസ്തുത പദ്ധതി തയ്യാറാക്കിയപ്പോൾ ജലസേചന വകുപ്പുമായി ചർച്ച നടത്തിയെന്നും, എല്ലാ കുളങ്ങളും ആർ.ആർ.ആർ. (റിപ്പയർ, റിനോവേഷൻ ആന്റ് റീസ്റ്റോറേഷൻ) പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നുണ്ടെന്ന മറുപടിയാണ് വകുപ്പിൽ നിന്നും ലഭ്യമായതെന്നും ആരാധനാലയങ്ങളുടെ ഉടമസ്ഥതയിലുള്ള കുളങ്ങൾ നവീകരിച്ചത് പ്രസ്തുത കുളങ്ങളിലെ ജലം പൊതുജനങ്ങൾക്ക് ഉപയോഗിക്കാമെന്ന ഉടമ്പടിവെച്ച് പഞ്ചായത്ത് അംഗീകരിച്ചതിനുശേഷമാണെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ വിശദമാക്കി. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഫണ്ടുപയോഗിച്ച് പൊതുകുളങ്ങൾ മാത്രം പുനരുദ്ധരിച്ചാൽ മതിയെന്ന കർശന നിർദ്ദേശം വകുപ്പിന് നൽകിയിട്ടുണ്ടെന്നും അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) കൂട്ടിച്ചേർത്തു.

39. സ്വകാര്യ കുളങ്ങൾ ജലസേചനത്തിന് ഉപയോഗിക്കാൻ സ്വകാര്യ വ്യക്തികൾ സമ്മതിക്കില്ലായെങ്കിലും രൂക്ഷമായ വരൾച്ചയെ നേരിടുന്നതിനായി വാട്ടർ റീചാർജ്ജിംഗിന് സഹായകരമായ രീതിയിൽ പൊതുകുളം, സ്വകാര്യകുളം എന്നീ വേർതിരിവുകളില്ലാതെ എല്ലാ ജലസ്രോതസ്സുകളും വൃത്തിയാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

40. കുളങ്ങളുടെ നവീകരണവും നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഉണ്ടെങ്കിലും അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനുമുള്ള സംവിധാനമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കേരളത്തിലെ എല്ലാ കുളങ്ങളുടേയും പരിപാലനം ജലസേചന വകുപ്പിൽ നിക്ഷിപ്തമാണെന്നും എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ കുളങ്ങളുടെയും ശുദ്ധീകരണം അസാദ്ധ്യമാണെന്നും അതിനാൽ കുളങ്ങളുടെ നിർമ്മാണവും, ശുദ്ധീകരണവുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമഗ്രപ്ലാൻ തയ്യാറാക്കണമെന്ന് ശിപാർശ നൽകുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

41. രൂക്ഷമായ വരൾച്ച പോലെയുള്ള സാഹചര്യങ്ങൾ നേരിടുന്നതിനായി വാട്ടർ റീചാർജ്ജിംഗിന് സഹായകരമായ രീതിയിൽ പൊതുകുളം, സ്വകാര്യകുളം എന്നീ വേർതിരിവില്ലാതെ എല്ലാ ജലസ്രോതസ്സുകളെയും സംരക്ഷിക്കേണ്ടതും വൃത്തിയായി

നിലനിർത്തേണ്ടതും, അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുളങ്ങളുടെ നവീകരണവും, നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനുമുള്ള സംവിധാനമില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കേരളത്തിലെ എല്ലാ കുളങ്ങളുടേയും പരിപാലനം ജലസേചന വകുപ്പിൽ നിക്ഷിപ്തമാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ കുളങ്ങളുടേയും ശുചീകരണം വകുപ്പിന് അസാധ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, കുളങ്ങളുടെ നിർമ്മാണവും, ശുചീകരണവുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമഗ്ര പ്ലാൻ തയ്യാറാക്കണമെന്ന് കൃഷി വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഓഡിറ്റ് ഖണ്ഡിക 4.8.4*

**മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയ തുകയുടെ വിനിയോഗത്തിലെ കുറവ്, തുടർന്നുള്ള നഷ്ടവും ₹ 22 കോടി (ഖണ്ഡിക നമ്പർ: 4.8.4)**

ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം 20 ട്രാഞ്ചികളിലായി 171686 ഹെക്ടർ പ്രദേശത്തിനുവേണ്ടി ₹ 323.56 കോടിയുടെ പദ്ധതി തുകയുള്ള 431 പദ്ധതികൾ നബാർഡ് അനുവദിച്ചു (മാർച്ച് 2015 വരെ) (അനുബന്ധം-III).

ഓഡിറ്റ് പരിശോധന നടത്തിയ കാലയളവിൽ ആർ.ഐ.ഡി.എഫ്. XIII വരെ ഡയറക്ടറേറ്റ് പൂർത്തിയാക്കി (മാർച്ച് 2015) 101693 ഹെക്ടർ പ്രദേശത്തിനുവേണ്ടി ₹ 147.54 കോടി പദ്ധതി തുകയുള്ള 280 പദ്ധതികൾ ആർ.ഐ.ഡി.എഫ്. XIII വരെ അനുവദിച്ചു. അനുവദിച്ച പദ്ധതി തുകയായ ₹ 147.54 കോടിയിൽ ₹ 125.54 കോടി മാത്രമേ ഡി.എസ്.എസ്.എസ്.സി. ഉപയോഗിച്ചിരുന്നുള്ളൂ എന്നതിനാൽ നൂറ് ശതമാനം പൂർത്തീകരണം നേടുന്നതിന് ഡയറക്ടറേറ്റിന് കഴിഞ്ഞില്ല. അതിനാൽ ₹ 22 കോടി കുറവായി മാത്രമേ ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ.

ആർ.ഐ.ഡി.എഫ്. XII-ൽ 10577 ഹെക്ടർ പ്രദേശത്തിനുവേണ്ടി അനുവദിച്ച ₹18.58 കോടി പദ്ധതി തുകയുള്ള 25 പദ്ധതികളിൽ നാല് പദ്ധതികൾ ഓഡിറ്റ് ലാക്ഷണിക പരിശോധന നടത്തി. താഴെ വിവരിക്കും പ്രകാരം സഹായം അല്പമാത്രമേ നാല് കേസ്സിലും കരസ്ഥമാക്കിയുള്ളൂ.

പട്ടിക : തുക ഉപയോഗിച്ചതിന്റെയും കുറഞ്ഞ തുക ഉപയോഗത്തിന്റെ കാരണങ്ങളും:

| ക്രമ നം. | നീർമറിയുടെ പേര് | മൊത്തം വിസ്തീർണ്ണം ട്രീറ്റബിൾ ഏരിയ (ഹെ) | പദ്ധതി തുക (₹കോടിയിൽ) | ഫണ്ട് ഉപയോഗിച്ചത് (₹ കോടിയിൽ) | കുറഞ്ഞ ഉപയോഗത്തിന്റെ കാരണങ്ങൾ | സഹായം അല്പമാത്രമായി നേടിയത് (₹ കോടിയിൽ) |
|---|---|---|---|---|---|---|
| 1 | ചുരാണി | 183/152 | 0.30 | 0.19 | തെരഞ്ഞെടുക്കാത്ത പ്ലോട്ടിൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയതിനാൽ പണി അവസാനിപ്പിക്കപ്പെട്ടു (മാർച്ച് 2009) | 0.11 |
| 2 | കഴുമ്പേരി തോട് | 586/ 395 | 0.78 | 0.54 | വർക്ക് ചെയ്യാനുള്ള ബാക്കി പ്രദേശം (134 ഹെ.) റിസർവ് വന വിഭാഗത്തിലായതിനാൽ പണി അവസാനിച്ചു | 0.24 |
| 3 | തുണ്ടയിൽ നീർമറി | 500/ 480 | 0.78 | 0.57 | അവശേഷിക്കുന്ന കൂടുതൽ പ്രദേശങ്ങളും സ്വയം സംരക്ഷിതമായതും ട്രീറ്റ് ചെയ്യേണ്ട കുറച്ച് പ്രദേശങ്ങൾ എൻ.ആർ.ഇ.ജി.എസ്.-ൽ ട്രീറ്റ് ചെയ്തു | 0.21 |
| 4 | നെല്ലിപാറ നാല്പമുക്ക് | 480/ 440 | 0.65 | 0.56 | അതേപ്രദേശത്ത് ഗ്രാമപഞ്ചായത്ത് പണി നടത്തി | 0.09 |
| | ആകെ | | 2.61 | 1.86 | | 0.65 |

ഡി.എസ്.എസ്.എസ്.സി./ഡി.എസ്.സി.ഒ. മതിപ്പ് തയ്യാറാക്കുന്നതിനും, നടത്തിപ്പിനും, മറ്റ് ഏജൻസികളുമായുള്ള ഏകോപനത്തിനും മറ്റും മതിയായ സ്ഥലപരിശോധനയും മേൽനോട്ടവും നടത്താതിരുന്നാൽ വിനിയോഗത്തിൽ കുറവും തൻമൂലം കുറഞ്ഞ സഹായം ലഭിക്കുന്നതിനും കാരണമായി.

ശിപാർശ നമ്പർ 3: നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമുണ്ടായ ഫണ്ട് നഷ്ടപ്പെടുന്നതിനെതിരെ ഡി.എസ്.എസ്.എസ്.സി. കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

42. ഖണ്ഡിക 4.8.4 പരിഗണിച്ച സമിതി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയ തുക പൂർണ്ണമായി വിനിയോഗിക്കാത്തതിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പിന്റെ വിശദീകരണമാരാഞ്ഞു. നേരത്തെയുള്ള പദ്ധതികളിൽ 95 ശതമാനവും പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രവൃത്തി തുടങ്ങി കഴിഞ്ഞതിനുശേഷം പരിശീലന പരിപാടികളിലൂടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കിയതിനാൽ അവർ തന്നെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയെന്നും നിലവിൽ 100 ശതമാനം നേട്ടം കൈവരിച്ചതിനുശേഷം മാത്രമേ സ്കീം പൂർത്തീകരിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയിൽ വിശദമാക്കി.

43. പ്രവൃത്തിയുമായി ബന്ധപ്പെട്ട് അറ്റ്ലസ് തയ്യാറാക്കിയതിനുശേഷമാണോ കഴുമ്പേരി തോടിന്റെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് അറ്റ്ലസ് പൂർത്തിയാക്കിയിരുന്നുവെന്നും സർവ്വേ നടത്തിയപ്പോൾ പ്രസ്തുത പ്രദേശത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റുണ്ടെന്ന് അറിയിച്ചിരുന്നുവെന്നും, പിന്നീട് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ പട്ടയമില്ലെന്നറിയിച്ചതിനാൽ പണി നിർത്തിവെച്ചുവെന്നും ബാക്കി പ്രവൃത്തിചെയ്യുന്നുള്ള പ്രദേശം റിസർവ് വനഭൂമിയിലുൾപ്പെട്ടതിനാൽ ഇനി പ്രവൃത്തി തുടരാൻ കഴിയില്ലെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി പറഞ്ഞു.

44. തുങ്ങയിൽ വാട്ടർഷെഡുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വകുപ്പിനോട് വിശദീകരണമാരായുകയും, പ്രവൃത്തി തുടങ്ങിയതിനുശേഷമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കുറച്ച് പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നറിഞ്ഞതെന്നും ഒരു പദ്ധതി ഏറ്റെടുത്ത് ആദ്യത്തെ ഒരുവർഷം സൂക്ഷ്മ പരിശോധനാ പഠനം നടത്തിയതിനുശേഷമാണ്

നബാർഡിന് സമർപ്പിക്കുന്നതെന്നും നബാർഡിൽ നിന്നും പ്രവർത്തനാനുമതി ലഭിച്ചു വരുമ്പോൾ കാലതാമസമുണ്ടാകുമെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (മണ്ണ് പര്യവേക്ഷണം ഇൻ-ചാർജ്ജ്) വിശദമാക്കി.

45. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയ തുക വിനിയോഗത്തിലെ കുറവ് സംബന്ധിച്ച ഓഡിറ്റ് പരാമർശം വന്നതിനുശേഷം അത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് സമിതി ആരാഞ്ഞു. ഇപ്പോൾ ഓരോ പദ്ധതിയും വകുപ്പ് ഏറ്റെടുക്കുമ്പോൾത്തന്നെ പ്രസ്തുത ഏരിയായിൽ മറ്റ് പ്രശ്നങ്ങളും, ബാധ്യതയുമൊന്നുമില്ലായെന്ന സർട്ടിഫിക്കറ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയതിന് ശേഷമാണ് നബാർഡിലേക്ക് അനുമതിക്കായി അയയ്ക്കുന്നതെന്നും, കൂടാതെ മറ്റ് ഏജൻസികളോ, വകുപ്പുകളോ, അവിടെ പ്രവൃത്തി ഏറ്റെടുത്തിട്ടില്ലായെന്നും മറ്റ് പദ്ധതികളിൽ പ്രസ്തുത സ്ഥലം പരിഗണിക്കുന്നില്ലെന്ന സർട്ടിഫിക്കറ്റും ജില്ലാ ഓഫീസർമാരിൽ നിന്നും വാങ്ങിയ ശേഷമാണ് പദ്ധതികൾ സർക്കാരിലേക്ക് നൽകുന്നതെന്നും മണ്ണ് പര്യവേക്ഷണ വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി.

### നിഗമനങ്ങൾ/ശിപാർശകൾ

46. ശിപാർശയില്ല.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ ) ഓഡിറ്റ് ഖണ്ഡിക 4.8.5*

### തെറ്റായ വിനിയോഗ സർട്ടിഫിക്കറ്റുകളുടെ സമർപ്പണം ₹15.20 കോടി (ഖണ്ഡിക നമ്പർ: 4.8.5)

ഫണ്ടുകൾ ലഭ്യമാക്കിയ കാര്യത്തിനുതന്നെ യഥാർത്ഥത്തിൽ ഉപയോഗിച്ചുവെന്നതിന് ഉപോൽബലകമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ (യു.സി.) ഗ്രാന്റ് ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാവശ്യമാണ്. എന്നിരുന്നാലും, ഡയറക്ടറേറ്റിലെ രേഖകളുടെ ലാക്ഷണിക പരിശോധനയിൽ ധനസഹായം ലഭിച്ചതിനെതിരെ തെറ്റായ വിനിയോഗ സർട്ടിഫിക്കറ്റുകൾ താഴെ സൂചിപ്പിച്ച പ്രകാരം നൽകിയതായി കാണുന്നു:

- "കുട്ടനാട് പ്രദേശത്തെ കൃഷി സംബന്ധമായ ദുരവസ്ഥ ലഘൂകരിക്കുന്നതിന്" ഒന്നും രണ്ടും ഘട്ടങ്ങളിലായി ഡയറക്ടർക്ക് ലഭിച്ച ₹ 26.86 കോടിയിൽ, യഥാർത്ഥ ചെലവ് ₹17.97 കോടി മാത്രമായിരുന്നു. എന്നിരുന്നാലും, അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതായി പ്രസ്താവിക്കുന്ന യു.സി. സമർപ്പിച്ചു (2015 ഫെബ്രുവരിയും 2015 ജനുവരിയും).

- ആർ.കെ.വി.വൈ. പദ്ധതിയിൽ ₹ 5.71 കോടി (2013 മാർച്ച്, 2013 ജൂലൈ, 2014 ഒക്ടോബർ) ഡി.എസ്.എസ്.എസ്.സി.-യ്ക്ക് നൽകി എന്നിരുന്നാലും, അന്നേ തീയതിയിൽ യാതൊരു ചെലവും ഉണ്ടായിട്ടില്ലാതിരുന്നതിനാൽ അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചതായി പ്രസ്താവിക്കുന്ന യു.സി. ഡി.എസ്.എസ്.എസ്.സി. സമർപ്പിച്ചു (2013 ഒക്ടോബർ, 2014 ഡിസംബർ).
- നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രികൾച്ചറിന്റെ (എൻ.എം.എസ്.എ.) നിർവ്വഹണത്തിനുവേണ്ടി കൃഷി ഡയറക്ടർ ₹ 0.60 കോടി ഡി.എസ്.എസ്.എസ്.സി.-യ്ക്ക് നൽകി (ഫെബ്രുവരി 2015). ചെലവുകൾ ഒന്നും ഇല്ലായിരുന്നു എന്നിരിക്കെ, ഡി.എസ്.എസ്.എസ്.സി. യു.സി. നൽകി (മാർച്ച് 2015).

യഥാർത്ഥ ചെലവ് ഉറപ്പാക്കാതെ യു.സി. ഒപ്പു വച്ച ഡയറക്ടറാണ് തെറ്റായ യുസി സമർപ്പിച്ചതിന് ഉത്തരവാദിയെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഫണ്ടുകൾ ലാപ്സാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് തെറ്റായ വിനിയോഗ സർട്ടിഫിക്കറ്റുകൾ നൽകിയതെന്നും ഭാവിയിൽ യഥാർത്ഥ പുരോഗതിയുടെ അടിസ്ഥാനത്തിൽ മാത്രമേ യുസി നൽകുകയുള്ളുവെന്നും ഡി.എസ്.എസ്.എസ്.സി. മറുപടി പറഞ്ഞു. തെറ്റായ യു.സി. സമർപ്പിക്കുന്നത് യാഥാർത്ഥ്യങ്ങളെ തെറ്റായി പ്രതിനിധീകരിക്കുകയും അത് സൂചിപ്പിക്കുന്നത് സാമ്പത്തിക റിപ്പോർട്ടിംഗിലെ ഡയറക്ടറേറ്റിന്റെ വിശ്വാസ്യതയുടെ അഭാവത്തെയാണ്. അത്തരം അവസ്ഥയിൽ, അത് കൃത്രിമമായ ചെലവിന്റെ അപകടസാധ്യതയുള്ള സാഹചര്യത്തിൽ, തെറ്റായ യു.സി. സമർപ്പിച്ചതിന് ഉത്തരവാദിത്വം നിർണ്ണയിക്കേണ്ടതാണ്.

ശിപാർശ നമ്പർ 4: പ്രവൃത്തികളുടെ തെറ്റായ ആശയം കൈമാറുന്നു എന്നതിനാൽ ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ തെറ്റായ യുസി നൽകുന്ന കീഴ്വഴക്കം നിറുത്തലാക്കാൻ ഡി.എസ്.എസ്.എസ്.സി. നടപടി സ്വീകരിക്കേണ്ടതാണ്.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

47. ഖണ്ഡിക 4.8.5-ലെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന്, 2015-16 വർഷം മുതൽ നൂറ് ശതമാനം പണികളും ചെയ്തതിന് ശേഷമേ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുകയുള്ളൂയെന്ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) മറുപടി നൽകി. ആർ.കെ.വി.വൈ. പദ്ധതിക്കും നബാർഡിന്റെ പദ്ധതിക്കും വിനിയോഗ സർട്ടിഫിക്കറ്റ് ആണോ നൽകുന്നതെന്നും, ഫീൽഡ് ഇൻസ്പെക്ഷൻ നടത്താറുണ്ടോയെന്നും

സമിതി ആരാഞ്ഞതിന് ആർ.കെ.വി.വൈ. പദ്ധതിക്ക് വിനിയോഗ സർട്ടിഫിക്കറ്റ് നൽകണമെന്നും, നബാർഡ് പദ്ധതികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്നും പ്രവൃത്തി പൂർത്തിയായതിനുശേഷം കംപ്ലീഷൻ സർട്ടിഫിക്കറ്റാണ് നൽകുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു നബാർഡ് ഫീൽഡ് സന്ദർശനം നടത്തുന്നുണ്ടെന്നും യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതിനാൽ ഇപ്പോൾ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടെന്നും അഡീഷണൽ ഡയറക്ടർ അറിയിച്ചു. ആർ.കെ.വി.വൈ. പദ്ധതിയിൽ എല്ലാ അസെറ്റ്സും ജിയോ ടാഗിംഗ് നടത്തുന്നുണ്ടെന്നും പോർട്ടലിനകത്ത് പ്രവൃത്തിയുടെ പുരോഗതിയും അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും അഡീഷണൽ ഡയറക്ടർ തുടർന്ന് അറിയിച്ചു

48. വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിൽ വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിച്ചു .

### നിഗമനങ്ങൾ/ശിപാർശകൾ

49. ഫണ്ട് നഷ്ടപ്പെടാതിരിക്കാനായി തെറ്റായ വിനിയോഗ സർട്ടിഫിക്കറ്റുകൾ നൽകുന്ന നടപടി ഒഴിവാക്കണമെന്നും, വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം ഹാജരാക്കുന്നതിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**അനുവർത്തന ഓഡിറ്റ് - ഇതര വിഷയങ്ങൾ**

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ ) ഓഡിറ്റ് ഖണ്ഡിക 5.1*

<u>കൃഷി വകുപ്പ്</u>

**സമഗ്രപഠനത്തിന്റെ അഭാവം (ഖണ്ഡിക നമ്പർ: 5.1)**

**സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയും അവയുടെ നിയമപരമായ അവസ്ഥ വനവും ആയതിനാൽ 228 ഹെക്ടർ സ്ഥലം പ്രയോജനപ്പെടുത്തുന്നതിന് ₹0.46 കോടി പദ്ധതി ചെലവുള്ള വാട്ടർഷെഡ് നിർത്തിവയ്ക്കേണ്ടിവന്നു.**

228 ഹെക്ടർ സ്ഥലം ട്രീറ്റുചെയ്യുന്നതിനായി, ₹0.46 കോടിയുടെ പദ്ധതി ചെലവുള്ള പാഞ്ചാലിത്തോട് വാട്ടർഷെഡിന് കേരള ഗവൺമെന്റ് (ജി.ഒ.കെ) ഭരണാനുമതി (നവംബർ 2009) നൽകി. ഈ പദ്ധതി റിപ്പോർട്ട് ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ (ഡി.എസ്.സി.ഒ.) ആവശ്യത്തിനുള്ള അടിസ്ഥാന നടപടികളോ സർവ്വേയോ നടത്താതെയും മറ്റ് പ്രാദേശിക അധികാരികളോട് ചർച്ച ചെയ്യാതെയും ആണ് തയ്യാറാക്കിയത്. പ്രവൃത്തികൾ

ഇടങ്ങുന്നതിനുമുമ്പ് പ്രദേശത്തിന്റെ നിയമപരമായ അവസ്ഥ തിട്ടപ്പെടുത്തുന്നതിൽ മണ്ണ് പര്യവേക്ഷണ, സംരക്ഷണ ഡയറക്റ്ററുടെ (ഡി.എസ്.എസ്.എസ്.സി.) പരാജയം കാരണം ഈ പദ്ധതി നിർത്തിവയ്ക്കപ്പെടുന്നതിനിടയാക്കി (മാർച്ച് 2011).

അപ്പോഴേക്കും ഡയറക്ടറേറ്റ് 15 ശതമാനം പുരോഗതി (₹0.06 കോടി സാമ്പത്തിക പുരോഗതി) കൈവരിക്കുകയും അതോടൊപ്പം കൃഷിവകുപ്പിന് (എ.ഡി.) റിസർവ് വനത്തിൽ അധികാര പരിധി ഇല്ലാത്ത കാരണത്താൽ സംരക്ഷണ ജോലി സാദ്ധ്യമല്ലായിരുന്നു എന്നതിനാൽ ഈ പദ്ധതി ഉപേക്ഷിക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടു[4]. പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ഈ പദ്ധതിക്കുവേണ്ടി മാറ്റിവച്ച ₹0.40 കോടി സാമ്പത്തിക സഹായം പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല

എക്സിറ്റ് കോൺഫറൻസിൽ സെക്രട്ടറി, ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുകയും അതോടൊപ്പം ഭാവിയിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർമാരിൽ നിന്നും സർക്കാരിലേക്ക് നൽകുന്ന പദ്ധതിപ്രമേയങ്ങൾ എല്ലാ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്ന സാക്ഷ്യപത്രം കൂടി നൽകണമെന്ന് ഉള്ള ഉപാധികൂടി ഉൾപ്പെടുത്തും എന്നും അറിയിച്ചു.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

50. സമഗ്രപഠനത്തിന്റെ അഭാവംമൂലം പാഞ്ചാലിത്തോട് വാട്ടർഷെഡ് പദ്ധതി ഉപേക്ഷിക്കേണ്ടതായി വന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വകുപ്പിനോട് വിശദീകരണമാരാഞ്ഞു. പാഞ്ചാലിത്തോട് വാട്ടർഷെഡ് പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുമെന്ന് വില്ലേജ് ഓഫീസിൽ നിന്നും അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപടികൾ ആരംഭിച്ചതെന്നും എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ സമയത്ത് പ്രസ്തുത ഭൂമി റിസർവ് വനത്തിലുൾപ്പെട്ടതിനാൽ ഉടമകൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായില്ലായെന്നും ആയതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടി വന്നുവെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയിൽ വിശദമാക്കി. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റില്ലാത്ത പദ്ധതികൾ ഏറ്റെടുക്കരുതെന്ന് മൂന്നാറിലെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വന്നതിനു ശേഷം വനം വകുപ്പിൽ നിന്നും കർശന നിർദ്ദേശം നൽകിയിരിക്കുകയാണെന്നും ആയതിനാൽ ഇപ്പോൾ ഭൂമിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളെല്ലാം പരിശോധിച്ചതിനുശേഷം മാത്രമേ പദ്ധതി അനുവദിക്കുവെന്നും ഇത്തരത്തിൽ പ്രശ്നങ്ങളുള്ള സ്കീമെടുക്കരുതെന്ന കർശന നിർദ്ദേശം വകുപ്പിന് നൽകിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയിലറിയിച്ചു

---

4 ജൂലൈ 2014, സെപ്റ്റംബർ 2014, മാർച്ച് 2015.

51. പ്രസ്തുത ഖണ്ഡികയിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

52. ശിപാർശ ഇല്ല.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ ) ഓഡിറ്റ് ഖണ്ഡിക 5.2*

**പ്രവൃത്തി പുനഃക്രമീകരിക്കുന്നതിലെ പരാജയം (ഖണ്ഡിക നമ്പർ: 5.2)**

**നഷ്ടവും നിർമ്മാണച്ചെലവും കരാറുകാരനിൽ നിന്ന് വസൂലാക്കുന്നതിലുള്ള പരാജയവും പുനഃക്രമീകരിക്കുന്നതിലുള്ള വീഴ്ചയും കാരണം 940 ഹെ. ഭൂമി പ്രയോജനം ലഭിക്കാമായിരുന്ന മണ്ണുസംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയാതെവരികയും തൽഫലമായി നബാർഡിൽ നിന്ന് ലഭിക്കാമായിരുന്ന ₹1.37 കോടിയുടെ സഹായം നഷ്ടപ്പെടുകയും ചെയ്തു.**

വെള്ളപ്പൊക്കം കുറയ്ക്കുക എന്ന ഉദ്ദേശ്യവും തത്ഫലമായി വെള്ളത്തിന്റെ ദൗർലഭ്യത കുറയ്ക്കുകയും, 400 ഹെ. നെല്പാടം ഇരുപ്പു കൃഷി ഭൂമിയാക്കുന്നതിനായി കൃഷി വകുപ്പ്, തൃശ്ശൂർ ജില്ലയിൽ വയൻതോട് മാലച്ചാൽ പ്രദേശത്ത് ആർ.ഐ.ഡി.എഫ്. XI-നുകീഴിൽ നബാർഡിന്റെ സഹായത്തോടെ ₹1.77 കോടിയുടെ നീർവാഴ്ച വെള്ളപ്പൊക്ക നിവാരണത്തിനുള്ള പദ്ധതി നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകി (മാർച്ച് 2007) റഗുലേറ്ററിന്റെ നിർമ്മാണം, തോടിന്റെ പുനർരൂപീകരണം, നീർച്ചാൽ നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവയാണ് പദ്ധതിയിൽ വിഭാവന ചെയ്തതും, അതുവഴി 940 ഹെ. ഭൂമിക്ക് നേട്ടമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാനുള്ള നിബന്ധനയോടെ ₹ 1.73 കോടിയ്ക്ക് മെസ്സേഴ്സ് ഏറനാട് കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡിന് ഡി.എസ്.സി.ഒ. മരാമത്ത് പണി നൽകി (മാർച്ച് 2007). കോൺട്രാക്ടർ പ്രസ്തുത പണിയിൽ ₹0.36 കോടി ചെലവാക്കുകയും 20 ശതമാനം സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്ത ശേഷം കനാലിലുള്ള വെള്ളത്തിന്റെ ആഴം ഒരു മീറ്ററിൽ കൂടുതലാണെന്നും വെള്ളത്തിന്റെ അടിയിലുള്ള മണ്ണ് അയഞ്ഞതും കളിമണ്ണുമാണ് എന്ന കാരണത്താൽ കരാർ പണി തുടർന്ന് കൊണ്ടു പോകാനുള്ള തന്റെ താല്പര്യമില്ലായ്മ പ്രകടിപ്പിക്കുകയും പണി നിർത്തി വയ്ക്കുകയും ചെയ്തു (ജൂൺ 2008). പണിയിലുണ്ടായ നഷ്ടവും നിർമ്മാണ ചെലവും കണക്കാക്കി ഡി. എസ്. സി. ഒ. പ്രസ്തുത കരാർ പണി അവസാനിപ്പിച്ചു (ജൂലൈ 2010).

ആർ.ഐ.ഡി.എഫ്. XX-നുകീഴിൽ പ്രസ്തുത കരാർ പണിയ്ക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (ഡി.എസ്.ആർ.) 2014 പ്രകാരം ഡയറക്ടറേറ്റ് ₹ 6.50 കോടിയുടെ വിശദമായ മതിപ്പ് എ.ഡി.-ക്ക് സമർപ്പിച്ചു (ഒക്ടോബർ 2014). ആർ.ഐ.ഡി.എഫ്. XI-നുകീഴിൽ

നേരത്തെ അനുമതി നല്കിയിട്ടുള്ളതിനാൽ പ്രസ്തുത പ്രമേയം എ. ഡി. നിരസിക്കുകയുണ്ടായി (ജൂൺ 2015). പ്രസ്തുത കരാർ പണി നാളിതുവരെ പുനഃക്രമീകരിക്കുവാൻ ഡയറക്ടറേറ്റിന് സാധിച്ചില്ല (നവംബർ 2015).

എക്സിറ്റ് കോൺഫറൻസ് വേളയിൽ ഓഡിറ്റ് നിരീക്ഷണം സെക്രട്ടറി അംഗീകരിക്കുകയും ഇതിന് ഉത്തരവാദിയായ ഓഫീസർക്കെതിരെ ശിക്ഷാനടപടികൾ എടുക്കുകയും അതോടൊപ്പം കോൺട്രാക്ടറിൽ നിന്ന് നിരതദ്രവ്യം കണ്ടുകെട്ടുകയും ചെയ്തതായും അറിയിച്ചു.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

53. ഖണ്ഡിക 5.2 പരിഗണിച്ച സമിതി തൃശ്ശൂർ ജില്ലയിലെ വയൻതോട് മാലച്ചാൽ പ്രദേശത്തെ മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വകുപ്പിനോടാരാഞ്ഞു. പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനായുള്ള നിർദ്ദേശം നബാർഡിലേക്ക് സമർപ്പിച്ചെങ്കിലും അവർ തുടർനടപടികൾ സ്വീകരിച്ചില്ലായെന്ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയിൽ വിശദമാക്കി.

54. കോൺട്രാക്ടർ പ്രസ്തുത പദ്ധതി പൂർത്തിയാക്കാത്തതിനാൽ ടിയാനെതിരെ റിസ്ക് & കോസ്റ്റിൽ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വീണ്ടും ആ ജോലി ചെയ്താൽ മാത്രമേ റിസ്ക് &കോസ്റ്റിൽ കോൺട്രാക്ടറിൽ നിന്നും തുക റിക്കവർ ചെയ്യുവാൻ സാധിക്കുകയുള്ളുവെന്നും കൃത്യസമയത്ത് നിരതദ്രവ്യം സർക്കാരിലേക്ക് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുകാരനായ ഉദ്യോഗസ്ഥന്റെ ഒരു ഇൻക്രിമെന്റ് തടഞ്ഞുകൊണ്ട് ടിയാനെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടിയിട്ടുണ്ടെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

55. ശിപാർശ ഇല്ല.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ) ഓഡിറ്റ് ഖണ്ഡിക 5.3*

**കേന്ദ്രാവിഷ്കൃത പദ്ധതികൾ (സി.എസ്.എസ്.) പൂർത്തീകരിക്കാത്തതുമൂലം മുഴുവിപ്പിക്കാനാവാത്ത പദ്ധതികൾ. (ഖണ്ഡിക നമ്പർ: 5.3)**

**ആർ.കെ.വി.വൈ. മാനദണ്ഡങ്ങൾ പ്രകാരം 134 വാട്ടർ ഷെഡുകളിലേക്കുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള ഡി.എസ്സ്.എസ്സ്.എസ്സ്.സി.-യുടെ പരാജയം മൂലം ₹ 27.97 കോടിയുടെ ചെലവ് ഫലപ്രദമായില്ല.**

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് കാർഷിക വികസനത്തിന് വേണ്ടി ഏറ്റെടുക്കുകയും പ്രത്യേകമായി ഇടപെട്ട് നടപ്പിലാക്കിയും വരുന്നു. ഇത്തരത്തിലുള്ള ഒരു പദ്ധതിയായ മാക്രോ മാനേജ്മെന്റ് ഓഫ് അഗ്രികൾച്ചറിന്റെ (എം.എം.എ.) കീഴിൽ വരുന്ന രണ്ട് ഉപപദ്ധതികളാണ് നാഷണൽ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് ഫോർ റെയ്ൻ ഫെഡ് ഏരിയ (എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ.)യും മണ്ണ് സംരക്ഷണ വകുപ്പിലൂടെ നടപ്പാക്കുന്ന ആർ.വി.പി.-യും. സംസ്ഥാനത്തിന്റെ പദ്ധതികളുടെ വികസനത്തിനും അവ മുന്നോട്ട് കൊണ്ട് പോകുന്നതിനും ഈ പദ്ധതി വിട്ടുവീഴ്ച നൽകുകയും, അതോടൊപ്പം ഗുണം ലഭിക്കുന്ന പ്രദേശം, ഉൽപാദന നേട്ടം ഇവ നിർണ്ണയിക്കുന്നത് കേന്ദ്ര കാർഷിക മന്ത്രാലയവുമായുള്ള പരസ്പര പ്രവർത്തനത്തിലൂടെയാണ്. 2013 ഏപ്രിൽ മുതൽ എം.എം.എ. പ്രവർത്തനക്ഷമമല്ലാതാവുകയും പിന്നീട് എം.എം.എ.-യിൽ ഉൾപ്പെട്ട പ്രവൃത്തികൾ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളായ ആർ.കെ.വി.വൈ.-യിലോ ഉൾപ്പെടുത്തി നടത്താവുന്നതാണ്.

## 1. എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ.-യിലെ പാഴ്ച്ചെലവും വിഫലമായ ലക്ഷ്യപ്രാപ്തിയും

XI-ാം പദ്ധതി കാലഘട്ടത്തിൽ (2007-2012) 84415 ഹെക്ടർ ഭൂമി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ.-യിൽ ₹ 101.29 കോടി (90 ശതമാനം സി.എസ്.എസ്.)മതിപ്പ് മൂല്യമുള്ള 31 ഉപവാട്ടർഷെഡുകൾക്ക് (134 മൈക്രോവാട്ടർഷെഡ്) ഇന്ത്യ ഗവൺമെന്റ് അനുമതി നൽകി. 2012 മാർച്ച് വരെ ₹ 23.26 കോടി ലഭിച്ച് ചെലവഴിച്ചതായും അധികമായി 2012-13-ൽ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്ന് ₹ 4.71 കോടിയും ചെലവഴിച്ചതായി നിരീക്ഷിക്കപ്പെട്ടു. ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ഡയറക്ടറേറ്റിന് 30797 ഹെക്ടർ ഭൂമിയുടെ സംരക്ഷണ പ്രവർത്തനങ്ങൾ മാത്രമേ നടത്തുവാൻ കഴിഞ്ഞുള്ളൂവെന്നും ഫണ്ടിന്റെ കുറവുള്ളതിനാൽ അവശേഷിക്കുന്ന 53618 ഹെക്ടറിൽ യാതൊരു സംരക്ഷണ പ്രവർത്തനങ്ങളും നടത്താതെ ഉപേക്ഷിക്കുകയായിരുന്നു.

കൂടാതെ, 2013-14-ൽ 8333 ഹെക്ടർ ട്രീറ്റ് ചെയ്യുന്നതിന് 134 വാട്ടർഷെഡുകളിലെ ബാക്കി പണികൾക്ക് ₹10 കോടിയുടെ മതിപ്പ് ചെലവ് വരുന്ന നിർദ്ദേശം പ്രോജക്റ്റ് പ്രിപ്പറേഷൻ ആന്റ് മോണിട്ടറിംഗ് (പി. പി.എം.) സെല്ലിന്റെ അനുമതിക്കായി ഡയറക്ടറേറ്റ് സമർപ്പിച്ചതായി ഓഡിറ്റ് വീണ്ടും ശ്രദ്ധിച്ചു. ഈ നിർദ്ദേശങ്ങൾ കർശനമായും ആർ.കെ.വി.വൈ. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമല്ലാത്തതിനാൽ ഇവ പി.പി.എം. സെൽ തള്ളിക്കളഞ്ഞു. പ്രസ്തുത ബാക്കി പണികൾ ഏറ്റെടുക്കുന്നതിനുവേണ്ടി 2014-15, 2015-16 വർഷങ്ങളിൽ ജി. ഒ. കെ.-യ്ക്ക് നിർദ്ദേശങ്ങളൊന്നും ഡയറക്ടറേറ്റ് സമർപ്പിച്ചില്ല.

അങ്ങനെ, 134 വാർട്ടർഷെഡുകൾക്കുവേണ്ടി ആർ.കെ.വി.വൈ. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതി പ്രമേയങ്ങൾ സമർപ്പിക്കുന്നതിൽ ഡയറക്ടറേറ്റ് പരാജയപ്പെട്ടതുമൂലം ഉദ്ദേശിച്ച ഗുണങ്ങളായ ഭൂഗർഭജലറീചാർജ്ജ്, കിണറുകളുടെയും ജലസംഭരണികളുടെയും എണ്ണത്തിലെ വർദ്ധനവ്, ഊർജ്ജിത വിളവർദ്ധന, വിളകളുടെ ഘടനയിലെ മാറ്റം, ഉയർന്ന വിളവ് ലഭിക്കത്തക്ക മണ്ണിന്റെ നഷ്ടം എന്നിവ നേടാൻ കഴിയാതായി. അങ്ങനെ, പ്രോജക്ട് വർക്കുകൾ പൂർത്തിയാവാത്തതിനാൽ ഈ വാട്ടർ ഷെഡുകൾക്കുവേണ്ടി ചെലവഴിച്ച ₹ 27.97 കോടി ഫലപ്രദമായില്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾ എക്സിറ്റ് കോൺഫറൻസിൽ സെക്രട്ടറി അംഗീകരിക്കുകയും അടുത്ത സ്റ്റേറ്റ് ലെവൽ സാംക്ഷനിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.) മീറ്റിംഗിൽ ചർച്ച ചെയ്ത ശേഷം ബാക്കി വർക്ക് ഏറ്റെടുക്കുന്നതാണ് എന്ന് പ്രസ്താവിക്കുകയും ചെയ്തു.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

56. ഖണ്ഡിക 5.3 പരിഗണിച്ച സമിതി കാർഷിക വികസനത്തിനുവേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ അവസ്ഥയെന്താണെന്ന് വകുപ്പിനോടാരാഞ്ഞു. മാക്രോ മാനേജ്മെന്റ് ഓഫ് അഗ്രികൾച്ചറിന്റെ (എം.എം.എ.) കീഴിൽ വരുന്ന ഒരു ഉപപദ്ധതിയായ ദേശീയ നീർത്തട വികസന പദ്ധതി (എൻ.ഡബ്ല്യു.ഡി.പി.ആർ.എ.)-യിലുൾപ്പെടുത്തി പത്താം പദ്ധതി കാലയളവിൽ സംസ്ഥാനത്തിന് 110000 ഹെക്ടർ സ്ഥലമുണ്ടായിരുന്നുവെന്നും 2013 മാർച്ച് 31-ന് കേന്ദ്രസർക്കാർ എം.എം.എ. പദ്ധതി നിർത്തലാക്കിയെന്നും പ്രസ്തുത പദ്ധതിക്കായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ (ആർ.കെ.വി.വൈ) നിന്നോ, എൻ.എം.എസ്.എ.യിൽ നിന്നോ ഫണ്ട് കണ്ടെത്താൻ നിർദ്ദേശിച്ചിരുന്നുവെന്നും രണ്ട് വർഷം ആർ.കെ.വി.വൈ.-യിൽ നിന്നും തുക ലഭിച്ചിരുന്നുവെന്നും പിന്നീട് ഫണ്ട് ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ലായെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്) മറുപടി നൽകി.

57. ആർ.കെ.വി.വൈ.-യിൽ നിന്നും ലഭ്യമായ ഫണ്ടുപയോഗിച്ചാണോ പദ്ധതി നടപ്പിലാക്കിയതെന്ന സമിതിയുടെ ചോദ്യത്തിന് 2013 മാർച്ചിനുശേഷം എം.എം.എ. സ്കീമിന് കേന്ദ്രസർക്കാർ ഫണ്ടനുവദിച്ചില്ലെന്നും, തുടർന്ന് പ്രസ്തുത പ്രോജക്ടിന് ആർ.കെ.വി.വൈ.-യിൽ നിന്ന് ഫണ്ടനുവദിച്ചുവെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്) മറുപടി പറഞ്ഞു. ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചാണ് ഓരോ നീർത്തട പദ്ധതിയും നടപ്പിലാക്കിയതെന്നും അഞ്ചുവർഷംകൊണ്ട് അപ്പർ റീച്ച് മുതൽ ലോവർ റീച്ച് വരെയാണ് പദ്ധതി പൂർത്തീകരിക്കേണ്ടതെന്നും ആദ്യ മൂന്ന് വർഷം അപ്പർ റീച്ചിലെ പ്രവൃത്തികളാണ്

ചെയ്യുതെന്നും, തന്മൂലം അവിടെയുള്ള ഭൂഗർഭ ജലവിതാനം ഉയർന്നെന്നും സാധാരണക്കാർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്നും അത്തരത്തിൽ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലും ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം ഏകദേശം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) ബോധിപ്പിച്ചു.

58. വയനാട് ജില്ലയിലെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കിയ നീർത്തട പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന സമിതിയുടെ ചോദ്യത്തിന് എം.എം.എ. സ്കീം നിർത്തലാക്കിയതിനെ തുടർന്ന് പ്രസ്തുത പദ്ധതി ആർ.കെ.വി.വൈ.-യിൽ സമർപ്പിച്ചെങ്കിലും, ആർ.കെ.വി.വൈ.-യുടെ മാർഗ്ഗരേഖയുമായി വ്യത്യാസമുള്ളതിനാൽ ഫണ്ടനുവദിച്ചില്ലെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) മറുപടി പറഞ്ഞു. പിന്നീട് പ്രസ്തുത പദ്ധതി പുതുക്കി നൽകിയപ്പോൾ രണ്ട് പ്രോജക്ടിന് ആർ.കെ.വി.വൈ.-യിൽ നിന്നും അനുമതി ലഭിച്ചെന്ന് മണ്ണ് പര്യവേക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

## നിഗമനങ്ങൾ/ശിപാർശകൾ

59. ശിപാർശ ഇല്ല.

*കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ (ഇക്കണോമിക് സെക്ടർ ) ഖണ്ഡിക 5.4*

**ക്രമവിരുദ്ധമായി ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതും കരാറുകാരന് നൽകിയതും (ഖണ്ഡിക നമ്പർ: 5.4)**

**നേരിട്ട് വർക്കുകൾ ചെയ്യാത്ത പി.എസ്.യു.-വിന് നിബന്ധനകൾ ലംഘിച്ചുകൊണ്ട് മൊബിലൈസേഷൻ അഡ്വാൻസ് ആയി ₹0.81 കോടി നൽകി കൂടാതെ കോഡൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി യഥാർത്ഥമായി ചെലവിടുന്നതിന് മുൻപുതന്നെ ട്രഷറിയിൽ നിന്നും മാർച്ച് 2015-ൽ ₹1.13 കോടി പിൻവലിച്ച് ഡിസംബർ 2015 വരെ ഡി.എസ്.എസ്.എസ്.സി. കൈവശം വച്ചു.**

ജി.ഒ.കെ.-യുടെ 2014 ജൂലൈയിലെ ഉത്തരവ് പ്രകാരം വർക്കുകൾ നേരിട്ട് ചെയ്യാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ മൊബിലൈസേഷൻ അഡ്വാൻസിന് അർഹരല്ല കൂടാതെ, മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അർഹമായ കേസുകളിൽ സർക്കാരിന്റെ മുൻകൂർ അനുവാദം നേടിയതിനുശേഷം മാത്രമേ മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ കഴിയുകയുള്ളൂ.

- ചടയമംഗലത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് കേരള എന്ന സംസ്ഥാന തല കേന്ദ്രത്തിന് അധിക അടിസ്ഥാന സൗകര്യം നൽകി ശക്തിപ്പെടുത്തുന്നതിനായി, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന് (കെ.എൽ.ഡി.സി. )₹ 0.81 കോടി മതിപ്പ് തുകയുടെ പണി നൽകി (ഡിസംബർ 2014). എന്നാൽ, കെ.എൽ.ഡി.സി. തങ്ങളുടെ പണികൾ ഉപകരാർ വഴിയാണ് നടപ്പാക്കുന്നത് എന്ന് എം.ഒ.യു.-വിൽ വ്യക്തമായി പറഞ്ഞിരുന്നെങ്കിലും ഡി.എസ്.എസ്.എസ്.സി. കരാർ തുകയായ ₹ 0.81 കോടി നിബന്ധനകൾ ലംഘിച്ചുകൊണ്ട് മൊബിലൈസേഷൻ അഡ്വാൻസായി കെ.എൽ.ഡി.സി.-ക്ക് നൽകി (ജൂൺ 2015).
- ചട്ടങ്ങൾക്ക് വിരുദ്ധമായി യഥാർത്ഥത്തിൽ പണം ചെലവിടുന്നതിന് മുൻപായി 2015 മാർച്ചിൽ ഡി.എസ്.എസ്.എസ്.സി. ₹ 1.13 കോടി ട്രഷറിയിൽ നിന്നും പിൻവലിക്കുകയും 2015 ഡിസംബർ വരെ കൈവശം വയ്ക്കുകയും ചെയ്തു. എക്സിറ്റ് കോൺഫറൻസിൽ സെക്രട്ടറി ഓഡിറ്റ് നിരീക്ഷണം അംഗീകരിക്കുകയും അതോടൊപ്പം ഈ സംഗതി വകുപ്പുമായി ആലോചിച്ച് മുന്നോട്ട്കൊണ്ട് പോകുമെന്നും അറിയിച്ചു.

*ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

60. ഖണ്ഡിക 5.4 പരിഗണിച്ച സമിതി, ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതിയുടെ വിശദീകരണമാരാഞ്ഞു. ചടയമംഗലത്തെ സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിന്റെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാനായി പഞ്ചായത്ത് 35 സെന്റ് സ്ഥലം അനുവദിച്ചെന്നും, പഞ്ചായത്ത് ഉടൻതന്നെ തുക അനുവദിക്കുകയാണെങ്കിൽ ഫണ്ട് പെട്ടെന്ന് ഉപയോഗപ്പെടുത്തി കെട്ടിടം പണിയാമെന്ന ഉദ്ദേശ്യത്തിലാണ് കെ.എൽ.ഡി.സി.-യ്ക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതെന്നും എന്നാൽ ചില കാരണത്താൽ പഞ്ചായത്തിൽ നിന്നും തുക ലഭിച്ചില്ലെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയിലറിയിച്ചു.

61. നേരിട്ട് പ്രവൃത്തികൾ ചെയ്യാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകരുതെന്ന സർക്കാർ നിർദ്ദേശം വകുപ്പ് ലംഘിച്ചതിനെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് ഹോസ്റ്റൽ കെട്ടിടം പെട്ടെന്ന് പണിയണമെന്ന ഉദ്ദേശ്യത്തിലാണ് അത്തരത്തിൽ ചെയ്തതെന്നും വകുപ്പ് കെ.എൽ.ഡി.സി.-യുമായാണ് കരാർ വച്ചതെന്നും അവരാണ് സബ്കോൺട്രാക്ട് കൊടുത്തതെന്നും കെ.എൽ.ഡി.സി.-യുമായുള്ള നേരിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് മൊബിലൈസേഷൻ അഡ്വാൻസ്

കൊടുത്തതെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) മറുപടി പറഞ്ഞു.

62. സാധാരണ രീതിയിൽ പ്രവൃത്തി ഏറ്റെടുക്കുന്നവർക്കാണ് മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതെന്നും നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ട് പ്രവൃത്തികൾ ചെയ്യാതെ ഏജൻസികൾക്ക് കരാർ നൽകുകയാണ് പതിവെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി. പ്രവൃത്തി ചെയ്യാനായി കരാർ ഏറ്റെടുക്കുന്ന ഏജൻസികൾക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾക്കാണ് മൊബിലൈസേഷൻ അഡ്വാൻസ് നൽകേണ്ടതെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി.

63. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, പണം ചെലവിടുന്നതിന് മുമ്പായി ട്രഷറിയിൽ നിന്നും 2015 മാർച്ചിൽ 1.13 കോടി രൂപ പിൻവലിക്കുകയും, 2015 ഡിസംബർ വരെ പ്രസ്തുത തുക കൈവശം വയ്ക്കുകയും ചെയ്തതിനെക്കുറിച്ച് സമിതി വകുപ്പിനോട് വിശദീകരണമാരാഞ്ഞപ്പോൾ, പഞ്ചായത്തിൽനിന്നും വസ്തുവിന്റെ കൈവശാവകാശം വകുപ്പിന് കൈമാറിക്കിട്ടാത്തതിനാലാണ് പ്രവൃത്തി തുടങ്ങാൻ വൈകിയതെന്നും, പ്രസ്തുത തുക കെ.എൽ.ഡി.സി.-യുടെ ടി.സി.ബി. അക്കൗണ്ടിലേക്ക് കൈമാറിയെന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയിൽ വ്യക്തമാക്കി. മാർഗ്ഗരേഖകൾക്ക് വിരുദ്ധമായാണ് വകുപ്പ് പ്രവൃത്തിച്ചതെന്ന് സമിതി അഭിപ്രായപ്പെട്ടു. തുക കെ.എൽ.ഡി.സി.-യുടെ അക്കൗണ്ടിൽ നിന്നും തിരികെയെടുത്തുവെന്ന് ഉദ്യോഗസ്ഥൻ അറിയിച്ചു.

64. ധനവിനിയോഗത്തിന് ഒരു നിശ്ചിത നടപടി ക്രമമുണ്ടെന്നും പ്രസ്തുത മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഖജനാവിൽ നിന്നും വകുപ്പുകൾ പണം പിൻവലിച്ചാൽ അത് സംസ്ഥാനത്തിന്റെ മൊത്തം സമ്പദ്‌വ്യവസ്ഥയെ ബാധിക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി, ഇതിനെതിരെ ധനകാര്യവകുപ്പ് കർശന നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടു. മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പണം പിൻവലിക്കരുതെന്ന കർശന നിർദ്ദേശം കാലാകാലങ്ങളിൽ വകുപ്പ് നൽകാറുണ്ടെന്നും പ്രസ്തുത നിർദ്ദേശം ലംഘിച്ചാൽ 'കടമെടുക്കൽ പരിധിയിൽ' കുറവ് വരുത്തുമെന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യക്തമായ കാരണങ്ങളാൽ ഒരു പ്രവൃത്തി നിർത്തിവയ്ക്കുകയും പിന്നീട് ആ പ്രവൃത്തി പുനരാരംഭിക്കുമ്പോൾ ധനകാര്യവകുപ്പിൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇപ്പോൾ തുക തിരികെ വകുപ്പിന് കൊടുക്കുന്നുണ്ടെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി വിശദമാക്കി. ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ വിവിധ വകുപ്പുകൾക്ക് കർശനനിർദ്ദേശം നൽകുന്നതിന് ധനകാര്യവകുപ്പ് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

65. ധനവിനിയോഗ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി വകുപ്പുകൾ ഖജനാവിൽ നിന്നും പണം പിൻവലിക്കുന്നത് സംസ്ഥാനത്തിന്റെ മൊത്തം സമ്പദ്‌വ്യവസ്ഥയെ ബാധിക്കുമെന്ന് നിരീക്ഷിച്ച സമിതി, മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പണം പിൻവലിക്കരുതെന്ന കർശന നിർദ്ദേശം ധനകാര്യവകുപ്പ് ഇതര വകുപ്പുകൾക്ക് നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 3.

അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനം/ ശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | കൃഷി വകുപ്പ് | 9 | വകുപ്പ് രേഖപ്പെടുത്തിയിട്ടുള്ള ആകെയുള്ള ഭൂവിസ്തൃതി, ഓരോ വർഷവും നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ എന്നിങ്ങനെയുള്ള വസ്തുതകൾ വ്യക്തമായി മനസ്സിലാക്കുന്നതിന് വാട്ടർഷെഡ് അറ്റ്ലസ് കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വാട്ടർഷെഡ് അറ്റ്ലസ് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മണ്ണ് സംരക്ഷണ പ്രവൃത്തികളിൽ ഏർപ്പെടുന്ന പുറമെയുള്ള ഏജൻസികളെ കൃത്യമായി അറിയേണ്ടതുണ്ടെന്നും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 2 | കൃഷി വകുപ്പ് | 10 | മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ഓരോ കൃഷിഭവന്റെയും പരിധിയിലുള്ള വാട്ടർഷെഡുകളുടെ അറ്റ്ലസ് അവരുടെ കൈവശം ഉണ്ടായിരിക്കണമെന്നും, മറ്റുള്ള ഏജൻസികൾ ചെയ്യുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനും, അത് വഴി പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഒരു സംവിധാനം ഉണ്ടാക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | കൃഷി വകുപ്പ് | 11 | ഓരോ പ്രദേശത്തും മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന ഏജൻസികൾ, അവർ ഓരോ വർഷവും പൂർത്തിയാക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ, അവശേഷിക്കുന്ന ഏരിയ എന്നിവയുൾപ്പെടുത്തിയ ഒരു റിപ്പോർട്ട് എല്ലാ വർഷവും തയ്യാറാക്കണമെന്ന് കൃഷി വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 4 | കൃഷി വകുപ്പ് | 12 | വാട്ടർഷെഡ് പദ്ധതി നടപ്പാക്കുന്നത് മുഖേന കർഷകർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ സംബന്ധിച്ച ഒരു സ്റ്റാറ്റസ് റിപ്പോർട്ട് കൃഷി വകുപ്പ് എല്ലാവർഷവും തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | കൃഷി വകുപ്പ് | 17 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് തനത് ഫണ്ട് വളരെ കുറവായതിനാൽ ഓരോ ജില്ലയ്ക്കും നാമമാത്രമായ തുകയാണ് ലഭിക്കുന്നതെന്നും പ്രസ്തുത തുക ഉയർന്ന മുൻഗണനാ ക്രമത്തിലുൾപ്പെടുന്ന പ്രദേശത്താണ് ചെലവാക്കേണ്ടതെന്നും എന്നാൽ പലപ്പോഴും മുൻഗണനാക്രമം പാലിക്കപ്പെടുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. പ്രത്യേക മാനദണ്ഡങ്ങളനുസരിച്ച് മുൻഗണനാക്രമം നൽകുന്ന വാട്ടർഷെഡുകളുടെ സംരക്ഷണ പ്രവർത്തനങ്ങളും മുൻഗണനാപ്രകാരം തന്നെ ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഉയർന്ന മുൻഗണനാ ക്രമമുള്ള പ്രദേശങ്ങൾക്ക് കൂടുതൽ പരിഗണന നൽകണമെന്നും 'ജലക്രാന്തി' പോലെയുള്ള കേന്ദ്രപദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും വകുപ്പിനോട് ശിപാർശ ചെയ്യുന്നു. |
| 6 | കൃഷി വകുപ്പ് | 20 | ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് ചെയ്യുന്ന പ്രവൃത്തികൾക്ക് പ്രാബല്യത്തിലുള്ള നിരക്കുകൾക്ക് പകരം പഴയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള നിരക്ക് നൽകുന്നത് സാധാരണക്കാർക്ക് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ബുദ്ധിമുട്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കുന്നതിനും, പുതുക്കിയ നിരക്കിലുള്ള പദ്ധതി നിർദ്ദേശങ്ങളാണ് ഗുണഭോക്താക്കൾ സമർപ്പിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 7 | കൃഷി വകുപ്പ് | 31 | കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് മണ്ണിന്റെ ഘടന, ഭൂമിയുടെ പ്രത്യേകത എന്നിവയ്ക്കനുസൃതമായി കാർഷിക വിളകളും കൃഷിരീതികളും ക്രമീകരിക്കേണ്ടതുണ്ട് . തുടർച്ചയായുള്ള കാലാവസ്ഥാവ്യതിയാനം, വളപ്രയോഗം തുടങ്ങിയ കാരണങ്ങളാൽ മണ്ണിൽ വന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ തുടർച്ചയായ മണ്ണ് പരിശോധന അനിവാര്യമാണ്. സംസ്ഥാനത്തെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകുമാറ് നിലവിൽ മൂന്ന് വർഷത്തിലൊരിക്കൽ വകുപ്പ് നടത്തുന്ന മണ്ണുപരിശോധനയ്ക്കുപകരം, ഓരോ വർഷവും മണ്ണ് പരിശോധിച്ച് കൃഷിവകുപ്പും, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി മണ്ണിന് അനുയോജ്യമായ വളങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | കൃഷി വകുപ്പ് | 32 | കർണ്ണാടക ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന് മികച്ച കാർഷിക പദ്ധതികൾ സമർപ്പിച്ച് 80% സബ്സിഡി ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കുന്നതുപോലെ കേരളത്തിലും കേന്ദ്രസഹായത്തോടെ മികച്ച കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ കൃഷി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | കൃഷി വകുപ്പ് | 33 | കർഷകർക്ക് വിതരണം ചെയ്യുന്ന സോയിൽ ഹെൽത്ത് കാർഡ് വകുപ്പ് കാലാകാലങ്ങളിൽ പരിഷ്കരിച്ച് കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനും, സൂക്ഷ്മ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പോഷകങ്ങളുൾപ്പെടെയുള്ള വളങ്ങളും, കൃഷി സംബന്ധമായ മറ്റുവിവരങ്ങളും കർഷകർക്ക് കൃത്യമായി ലഭിക്കാനാവശ്യമായ സംവിധാനമൊരുക്കുന്നതിനും, കൃഷിക്കുപയോഗിക്കുന്ന വെള്ളം പ്രത്യേകിച്ചും കുഴൽക്കിണറുകളിലെ വെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനം ജലവിഭവ വകുപ്പിന്റെ സഹായത്തോടെ കൃഷി വകുപ്പ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | കൃഷി വകുപ്പ് | 34 | പ്രളയാനന്തരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും മണ്ണിന്റെ ഘടനയിൽ വലിയ വ്യതിയാനം സംഭവിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുന്നതിനും, മണ്ണിന്റെ മാറ്റത്തിനനുസരിച്ച് കൃഷി ചെയ്യാനുതകുന്ന ശാസ്ത്രീയമായ ഉപദേശം കൃഷിക്കാർക്ക് നൽകുന്നതിനും കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ കൃഷി വകുപ്പും, മണ്ണ് സംരക്ഷണ വകുപ്പും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | കൃഷി വകുപ്പ് | 41 | രൂക്ഷമായ വരൾച്ച പോലെയുള്ള സാഹചര്യങ്ങൾ നേരിടുന്നതിനായി വാട്ടർ റീചാർജ്ജിംഗിന് സഹായകരമായ രീതിയിൽ പൊതുകുളം, സ്വകാര്യകുളം എന്നീ വേർതിരിവില്ലാതെ എല്ലാ ജലസ്രോതസ്സുകളെയും സംരക്ഷിക്കേണ്ടതും വൃത്തിയായി നിലനിർത്തേണ്ടതും, അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുളങ്ങളുടെ നവീകരണവും, നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും അത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിനുമുള്ള സംവിധാനമില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കേരളത്തിലെ എല്ലാ കുളങ്ങളുടേയും പരിപാലനം ജലസേചനവകുപ്പിൽ നിക്ഷിപ്തമാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ കുളങ്ങളുടേയും ശുചീകരണം വകുപ്പിന് അസാധ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, കുളങ്ങളുടെ നിർമ്മാണവും, ശുചീകരണവുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമഗ്ര പ്ലാൻ തയ്യാറാക്കണമെന്ന് കൃഷി വകുപ്പിനോട് ശിപാർശ ചെയ്യുന്നു. |
| 12 | കൃഷി വകുപ്പ് | 49 | ഫണ്ട് നഷ്ടപ്പെടാതിരിക്കാനായി തെറ്റായ വിനിയോഗ സർട്ടിഫിക്കറ്റുകൾ നൽകുന്ന നടപടി ഒഴിവാക്കണമെന്നും, വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം ഹാജരാക്കുന്നതിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 13 | ധനകാര്യ വകുപ്പ് | 65 | ധനവിനിയോഗ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി വകുപ്പുകൾ ഖജനാവിൽ നിന്നും പണം പിൻവലിക്കുന്നത് സംസ്ഥാനത്തിന്റെ മൊത്തം സമ്പദ്‌വ്യവസ്ഥയെ ബാധിക്കുമെന്ന് നിരീക്ഷിച്ച സമിതി, മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പണം പിൻവലിക്കരുതെന്ന കർശന നിർദ്ദേശം ധനകാര്യവകുപ്പ് ഇതര വകുപ്പുകൾക്ക് നൽകണമെന്ന് ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

## ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

**Parawise reply to the C &AG report for the Financial year ending on 31st March 2015.**

| | |
|---|---|
| **Performance Audit on Soil Survey and Soil Conservation activities in Agriculture Department**<br><br>**4.1 Introduction**<br>The Directorate of Soil Survey and Soil Conservation (DSSSC) under Department of Agriculture is entrusted with the planning and implementation of various soil survey and soil and water conservation activities in Kerala. The survey activities include identification and prioritisation of watersheds which requires conservation measures, Detailed Soil Survey (DSS), analysis of soil samples received from farmers and external agencies, publication of reports and maps on land resources, issue of soil health cards to farmers etc. The conservation wing undertakes implementation of various soil and water conservation schemes sanctioned by Government. DSSSC received Rs.194.65 crore for various soil survey and conservation schemes implemented during 2010-15.<br>Soil and water conservation activities are undertaken on watershed basis. Watershed is a geo-hydrological unit that drains water to a common point. Activities undertaken on watershed basis include construction of contour bunds, check dams, retaining wall, agro forestry and agrostological measures etc. For convenience, the average area of each watershed is fixed between 500-1000 hectares. | No remarks |
| **4.2 Audit Objectives**<br><br>The main objectives of the Performance Audit are to ascertain whether<br>• Planning for soil survey and conservation activites were adequate and effective; and<br>• implementation of survey and conservation works were economical and effective and whether monitoring effective. | No remarks |

| | |
|---|---|
| **4.3 Audit Criteria**<br><br>Audit criteria were drawn from<br>• Guidelines for watershed development projects issued by Government of India (GoI);<br>• Orders issued by Government of Kerala (GoK) relating to soil survey and conservation activities;<br>• Soil Conservation Code issued by GOK;<br>• PWD Schedule of Rates 2010, 2011 and 2012 and Delhi Schedule of Rates 2013 and 2014; and<br>• Kerala Financial Code Volume I. | No remarks |
| **4.4 Scope and methodology of Audit**<br><br>The Audit examined the planning , implementation and monitoring of survey and conservation activities carried out by Directorate of Soil Survey and Soil Conservation (DSSSC) and its selected subordinate offices covering the period 2010-15. Out of 14 District offices, five[1] district offices were selected using Probability Proportional to Size without Replacement (PPSWOR) method. One inter-state project Kabini[2] (Wayanad) and one river catchment protection project[3] were also selected.<br><br>1. Alappuzha, Kannur, Kozhikkode, Thrissur and Wayanad<br>2. River Valley Project, Kabini<br>3. Protection of the Catchment of Resevoir of Water Supply Schemes | No remarks |
| **4.5 Audit Findings**<br><br>The lapses noticed in the planning, implementation and monitoring of soil survey and conservation activities are discussed in succedding paragraphs. | No remakrs |

| | |
|---|---|
| **4.5.1 Inconsistencies in Watershed Atlas**<br><br>The watershed atlas of all the Districts were completed and published during the period 2005-11. However, the watershed atlas included the forest as well as the non-forest areas of the State without demarcating the entire forest area in the watershed atlas e.g. the total forest area in Kozhikkode district was marked as 1,069 Ha instead of 29,045 Ha. | Watershed Atlas was prepared using toposheets of Survey of India at 1:50,000 scale in which only Reserve Forests are demarcated. Fragmented forests and those areas vested to Government under different legislations are not demarcated in the toposheets. At 1:50,000 scale, it is very difficult to demarcate forest areas.<br><br>A Watershed may include forest and non-forest areas. Wherever the forest areas form part of the watershed and are prone to land degradation, they are included as priority areas. Whenever a watershed is selected for implementation, field inspection is conducted by the officials of the Department to identify the forest area and demarcate it as non-treatable area. When the works are taken up, officials ensure that the activity is executed only in non-forest area. At the same time, there is nothing that prevents the department to take up a watershed work in a forest area that would benefit agriculture downstream.<br>The name of watershed was given based on the name of the drain or if that is not available, the name of the place or the name of the Reserve Forest. In Kozhikode district, since the names of the drains were not available, the watersheds were named as Puduppadi RF w/s 1,2 & 3 and not as Reserve Forests as mentioned by the Audit. These watersheds which cover 1,069 ha is delineated as forest watersheds. Wherever the name of the drains were available in forest areas, the watershed were named after the drains. The entire area under forest (29,045 ha) in Kozhikode district had been included in the Watershed Atlas under various micro watersheds. Hence the audit view that only 1,069 ha instead of 29,045 ha were marked as forest area in Kozhikode district is incorrect. |

| | |
|---|---|
| The total geographical area of Wayanad district is 2.13 lakh Ha. But in the watershed atlas of Wayanad district, the total area prioritised for conservation activities was recorded as 2.37 lakh Ha (i.e. 0.24 lakh Ha more than geographical area) which is indicative of incorrect data being relied upon by the Directorate.<br><br>The soil survey wing of the Directorate, categorised watershed into high, medium and low priority area for carrying out soil conservaion activities in the State. The watershed atlas contains priority wise classification of watershed, delineated area of each watershed, details of watersheds selected for conservation activities till the date of publication of watershed atlas etc.<br><br>The information contained in the watershed atlas which serves as the basis for conservation activities was not updated periodically to ascertain the extent of land treated under various schemes.<br><br>DSSSC accepted the Audit observation and stated that details of watersheds undertaken for conservation in the State will be incorporated in the watershed atlas at the earliest. | The fact that the prioritized area for conservation of activities in respect of Wayanad district, recorded in watershed atlas was more than the actual geographical area of the district can be due to the variation in the projection system used for mapping in GIS.<br><br>Besides Soil Survey and Soil Conservation Department, agencies such as the Rural Development Department, Panchayats, Hill Area Development Agency, NABARD, NGOs etc. also undertake soil conservation works. Updation of the watershed atlas would not be possible unless these agencies provide the required details of works executed by them.<br><br>Soil Survey and Soil Conservation Department would explore the possibility of preparing the watershed atlas at a reduced scale after getting technical advice from Survey of India, so that the fragmented forest areas can also be demarcated. Further, the Department would strive to update the watershed atlas by collecting the available data from other agencies which are implementing the watershed development activities under various schemes. |

| | |
|---|---|
| **4.5.2 Arrangement of conservation activities ignoring prioritisation of watersheds**<br>The watersheds which are high priority require immediate intervention over the medium and low priority watershed as the area is more prone to degradation. In District Soil Conservation Offices (DSCO), Kozhikkode and Thrissur, it was noticed that high priority area (four out of seven) was ignored while executing the soil conservation activities. Instead, four medium prioritised areas with a project cost of Rs.2.39 crore were undertaken under RIDF XVII and XIX schemes for conservation activities.<br>In the above cases, the DSCOs had forwarded the proposals without ascertaining the priority of area proposed for conservation activities before submitting it for sanction. Besides, the technical wing of the Directorate had failed to check the proposal which resulted in carrying out soil conservation activities ignoring high priority areas. By not selecting high priority areas, risk of degradation would not be mitigated. | Soil Survey and Soil Conservation Department has already issued directions to the implementing officers to submit proposals for RIDF projects only in high/medium priority areas. The District Soil Conservation Officers had submitted a certificate to this effect for all the projects proposed under RIDF XXII tranche. This practice will be continued in the future projects also. |
| **4.5.3. Submission of project proposals based on pre revised rates and consequent reduction in project cost-Rs. 10.84 crore.**<br>Para 1601.1.1 and 2 of Kerala Public Works Manual provides that preliminary and Detailed Estimates for the works shall be prepared based on the SoR in force.<br>On verification of soil conservation works sanctioned under RIDF XIX and RIDF XX, it was noticed that the rates of some of the major components of these works viz. 1) Stone pitched contour bunds 2) Agrostological measures etc. were based on pre-revised SoRs and not with reference to the prevalent SoRs. | The Soil Survey and Soil Conservation Department is adopting Delhi Schedule of Rate for soil conservation works implemented in the state except for stone pitched contour bund and agrostological measures. Rates for these items are fixed based on the work study conducted by the Department. The rates for stone pitched |

| | |
|---|---|
